## റെയിൽപാളമില്ലാത്ത തീവണ്ടി സ്റ്റേഷനിൽ തീവണ്ടികാത്തിരിക്കുന്ന യാത്രക്കാരനെപോലെ ഇനിയും താങ്കൾ ആരെയാണ് പ്രതീക്ഷിക്കുന്നത് ?

പ്രിയ സുഹൃത്തെ,

രാജ്യത്തിന്റെ സമ്പത്തും പ്രകൃതി വിഭവങ്ങളും സാമൂഹികോത്പാദനോപാധികളും സമ്പന്നർക്കും ഉദ്യോഗസ്ഥർക്കും തീരെഴുതികൊടുക്കുകയും നിലവിലുള്ള രാഷ്ട്രീയ നേതൃത്വങ്ങൾ അതിസമ്പന്നരായി മാറികൊണ്ടിരിക്കുകയും ചെയ്യുന്ന കാലഘട്ടത്തിൽ കർഷകരും തൊഴിലാളികളും ഉൾപ്പെടുന്ന സമൂഹത്തിലെ സാധാരണക്കാരായ അടിസ്ഥാന ജനവിഭാഗങ്ങളുടെ ജീവിതം വഴിമുട്ടി നിൽക്കുകയാണ്. സാമ്പത്തിക പ്രതിസന്ധിയിലേക്കും കഷ്ടപ്പാടിലേക്കും പോയികൊണ്ടിരിക്കുന്ന സാധാരണക്കാരന്റെ ഈ അവസ്ഥയിൽ നിന്നുള്ള മോചനത്തിനായി സാധാരണക്കാരന്റെ രാഷ്ട്രീയ പാർട്ടിയായ **പീപ്പിൾസ് കൗൺസിൽ** മാർച്ച് 5 ന് ഔദ്യോഗികമായി നിലവിൽ വന്ന വിവരം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. താങ്കൾ നികുതി നൽകുന്ന ഒരു സാധാരണക്കാരനാണെങ്കിൽ ഞങ്ങൾക്ക് നിങ്ങളോട് പറയാനുള്ളത് വായിച്ച് കാര്യങ്ങൾ ഉൾക്കൊള്ളുന്നില്ലായെങ്കിൽ അനിവാര്യമായ ഒരു ദുരന്തം താങ്കളെ കാത്തിരിക്കുന്നുണ്ടെന്ന് കാര്യം മറക്കാതിരിക്കുക.

വാർത്തയിലെ വാസ്തവവുമായി .....

# മലയാള വാർത്ത

വായിക്കുക-വരിക്കാരാവുക

കാർഷിക മാസിക

# കാർഷിക വാർത്ത

മീഡിയ പബ്ളിക്കേഷൻസ്
പേരാമ്പ്ര - കോഴിക്കോട് 673525
Printed @ A-one offset - 0495 2442934

കേരള സംസ്ഥാനം രൂപീകൃതമായി ആറ് പതിറ്റാണ്ടുകൾ പിന്നിടുകയാണ്. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ അസൂയാവഹമായ സാമൂഹ്യ പുരോഗതി കൈവരിച്ച കേരളത്തിൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്തകൾ വളരെ മോശവും അതേ സമയം വളരെയധികം ഗൗരവമേറിയതുമാണ്. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഭയാനകമായ രീതിയിൽ വർദ്ധിക്കുന്നു. രാവിലെ മാന്യമായി വസ്ത്രം ധരിച്ച് പുറത്തിറങ്ങുന്ന ഒരോ മലയാളിയുടെയും മനസ്സിൽ പുറത്ത് പറയാൻ കഴിയാത്ത ഒട്ടനവധി വേദനകളുണ്ട്. കടബാധ്യത, കുടുംബപ്രശ്നങ്ങൾ, രോഗങ്ങൾ, കുട്ടികളുടെ ഫീസ്, തൊഴിലില്ലായ്മ, വിവാഹപ്രായമായ പെൺമക്കൾ, സ്വന്തമായ വീട് അതിന് പുറമെ ഒരു സാമൂഹ്യജീവി എന്ന നിലയിൽ ബന്ധുക്കളുടെയോ സുഹൃത്തുക്കളുടെയോ വിവാഹങ്ങൾ, ഗൃഹപ്രവേശം, മരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് വരുന്ന പ്രതീക്ഷിച്ചതും അപ്രതീക്ഷിതവുമായി കടന്നുവരുന്ന ചിലവുകൾ തുടങ്ങി മനസ്സിനെ നിരന്തരം അലട്ടികൊണ്ടിരിക്കുന്ന പ്രയാസങ്ങളുമായിട്ടാണ് ഓരോ സാധാരണക്കാരനും അവന്റെ ഓരോ ദിവസവും തള്ളിനീക്കുന്നത്. സ്വാതന്ത്ര്യം ലഭിച്ചിട്ട് ആറ് പതിറ്റാണ്ടുകൾ കഴിഞ്ഞു. വാതോരാതെ സോഷ്യലിസം പ്രസംഗിക്കുന്ന എല്ലാവരെയും നാം മാറിമാറി പരീക്ഷിച്ചു. പഞ്ചവത്സര പദ്ധതികൾ ഒട്ടനവധി കഴിഞ്ഞു. എന്നിട്ടും എന്തെ നമ്മൾ മാത്രം ഇങ്ങനെ ?

നാഷണൽ സാമ്പിൾ സർവ്വേയുടെ കണക്കുകൾ പ്രകാരം നാലിൽ ഒരുകുടുംബം ഇന്നും ദാരിദ്ര്യം അനുഭവിക്കുന്നു. 2002 ൽ കേരളീയ കുടുംബത്തിൽ 31.25 ശതമാനം കുടുംബങ്ങൾക്ക് മാത്രമായിരുന്നു കടബാധ്യതയെങ്കിൽ 2013 ആയതോടെ 77.7 ശതമാനം കേരളീയ കുടുംബവും കടുത്ത കടബാധ്യതയിൽ അകപ്പെട്ടിരിക്കുന്നു. ദേശീയതലത്തിൽ ഒരു കുടുംബത്തിന്റെ ശരാശരി കടബാധ്യത 47,000 രൂപയാണെങ്കിൽ കേരളത്തിലെ ഒരു കുടുംബത്തിന്റെ ശരാശരി കടബാധ്യത 2.14 ലക്ഷം രൂപയാണ്. ഉപഭോഗസംസ്ക്കാരം കാരണമാണ് മലയാളി കടക്കെണിയിലായതെന്ന പലരുടെയും സാമാന്യവൽക്കരണം വസ്തുതകൾക്ക് യോജിക്കുന്നതല്ല. സാധാരണക്കാരനെ

ഭരിക്കുന്ന സാമ്പത്തിക ശാസ്ത്രം നഷ്ടമൂല്യ സിദ്ധാന്തത്തി ന്റേതായതു കൊണ്ടും കേരളത്തിന്റെ റവന്യൂ വരുമാനത്തിൽ നിന്നും സാധാരണക്കാരന് നിയമപ്രകാരം ലഭിക്കേണ്ട സാമൂ ഹ്യസുരക്ഷിതത്ത്വം പോലും സംഘടിതമായ ഒരു വിഭാഗം തട്ടി യെടുക്കുമ്പോൾ സാമൂഹ്യ സുരക്ഷിതത്ത്വത്തിനുള്ള ബാധ്യ തകൂടി സാധാരണക്കാരൻ സ്വയം കണ്ടെത്തേണ്ടിവരു ന്നതുകൊണ്ടുമാണ് മലയാളി കടക്കെണിയിലാവുന്നത്. ഏതെ ങ്കിലും ഒരു ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പയെടു ക്കാത്ത ഒരു സാധാരണക്കാരനെ നമുക്ക് കാണാൻ കഴിയില്ല. ഒരു സാധാരണക്കാരൻ എന്തിനുവേണ്ടി വായ്പയെടുക്കുന്നു? കൃഷി ചെയ്യാൻ, വീടുണ്ടാക്കാൻ, മക്കളെ പഠിപ്പിക്കാൻ, പെൺമക്കളുടെ വിവാഹം നടത്താൻ, രോഗത്തിന് ചികിത്സി ക്കാൻ എന്നീ ആവിശ്യങ്ങൾക്കുവേണ്ടിയല്ലെ സാധാരണക്കാ രൻ വായ്പ വാങ്ങിക്കുന്നത്. അതും 7 മുതൽ 15 ശതമാനം വരെ പലിശനിരക്കിൽ.

കടക്കെണിയിൽ അകപ്പെട്ട ഒരു കുടുംബത്തിന്റെ അവസ്ഥ നോക്കൂ. വീട്ടിലേക്കുള്ള വഴിയിലൂടെ വരുന്ന അപ രിചിതരെ കാണുമ്പോഴേക്കും ശരീരത്തിലെ സർവ്വനാഡികളും തളർന്ന് പോവുന്ന വീട്ടമ്മമാർ, ഭയത്തോടെ അകത്തേക്ക് ഓടി ഒളിക്കുന്ന പിഞ്ചോമനകൾ, കടം വാങ്ങിച്ച പണം ചോദിച്ച് ഒരാളും ഇന്നുവരെ എന്റെ വീട്ടുമുറ്റത്ത് കയറിയിട്ടില്ലായെന്ന് അഭിമാനിച്ചിരുന്ന രക്ഷിതാക്കളുടെ നാവിലെ വെള്ളം വറ്റിപ്പോവുന്നു, അടുത്ത വീട്ടുകാരുടെ ഒളിഞ്ഞുനോട്ടം, ചില രുടെ പരിഹാസചിരി, ചിലരുടെ സഹതാപത്തോടെയുള്ള നോട്ടം, അകന്നുപോകുന്ന സുഹൃത്തുക്കൾ, ബന്ധങ്ങൾ മറ ക്കുന്ന ബന്ധുക്കൾ, പരസ്പരം കാണുമ്പോൾ കണ്ടില്ലായെന്ന് നടിച്ച് വഴിമാറി പോകുന്ന പരിചയക്കാർ. ഇതാണ് കടബാധ്യ തയുള്ള ഒരു മലയാളിയുടെ കുടുംബത്തിന്റെ നേർകാഴ്ച.

കൊലപാതകിയെ സമൂഹം അംഗീകരിക്കുന്നു. പെൺവാണിഭക്കാരനെയും വ്യഭിചാരിയേയും സമൂഹം അംഗീകരിക്കുന്നു. അഴിമതിക്കാരനെയും മദ്യപാനിയേയും സമൂഹം അംഗീകരിക്കുന്നു. അതേസമയം ഒരു കടബാധ്യത യുള്ളവനെ സമൂഹം തിരസ്ക്കരിക്കുന്നു. എങ്കിലും സാധാര

ണക്കാരന് കടം വാങ്ങിക്കാതെ ജീവിക്കാൻ കഴിയില്ല. കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് 3381 പേരും അതിനുശേഷം അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 3058പേരും ഇപ്പോഴത്തെ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് 2013 ഡിസംബർ 31 വരെയുള്ള കാലഘട്ടത്തിൽ 898 പേരും കടക്കെണിയിൽപ്പെട്ട് ആത്മഹത്യചെയ്തപ്പോൾ കേരളത്തിൽ ഒരു മുൻ മന്ത്രിയുടെ 52 ലക്ഷം രൂപയുടെ കടം എഴുതിതള്ളി. കേരളത്തിൽ കടകെണിയിൽപ്പെട്ട് ദിവസം ശരാശരി രണ്ട് മലയാളികൾ വീതം ആത്മഹത്യ ചെയ്യുന്നു. 6920 കോടി രൂപ വായ്പ കുടിശ്ശികക്കാരനായ രാജ്യസഭാംഗം വിജയ് മല്ല്യ ഉൾപ്പെടെ സർക്കാർ രേഖകൾ പ്രകാരം തിരിച്ചടവ് ശേഷിയില്ലാത്ത സമ്പന്നരുടെ മൂന്നു ലക്ഷം കോടി രൂപയുടെ ബാങ്ക് വായ്പയാണ് മറുവശത്ത് എഴുതി തള്ളിയത്. അതേസമയം ഒരു ന്യൂനപക്ഷത്തിന്റെ സമ്പത്ത് ക്രമാതീതമായി വർദ്ധിക്കുന്നു. നാഷണൽ സാമ്പിൾ സർവ്വേയുടെ കണക്കുകളെ തന്നെ ആശ്രയിച്ചാൽ 1992ൽ കേരളത്തിലെ ഭൂരഹിതർ 6 ശതമാനം മാത്രമായിരുന്നത് 2002 ആയപ്പോൾ 38.6 ശതമാനവും 2012 ആയപ്പോൾ അത് 51.3 ശതമാനവുമായി ഭൂരഹിതരുടെ എണ്ണം വർദ്ധിക്കുന്നു. കൂടുതൽ ആളുകൾക്ക് ഭൂമി നഷ്ടപ്പെടുമ്പോൾ മാത്രമേ കുറച്ച് ആളുകളുടെ കൈകളിൽ ഭൂമി എത്തിപ്പെടുകയുള്ളൂ. അങ്ങനെ സാധാരണക്കാരന്റെ കൈവശമുള്ള ഭൂമി കുറച്ച് ആൾക്കാരുടെ കൈകളിലേക്ക് എത്തിക്കാനുള്ള തന്ത്രപരമായ നയങ്ങളാണ് കുറച്ചുവർഷങ്ങളായി നമ്മുടെ ഭരണകൂടങ്ങൾ ഉണ്ടാക്കികൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഭയാനകമായ രീതിയിലും വളരെ പെട്ടന്നും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

1991 ൽ രാജ്യത്തെ ആകെ കൃഷിഭൂമിയുടെ 18 ശതമാനം മാത്രമായിരുന്നു 10.8 ശതമാനം വരുന്ന സമ്പന്നരുടെ കൈവശം ഉണ്ടായിരുന്നതെങ്കിൽ 2011 ൽ മൊത്തം കൃഷിഭൂമിയുടെ 58 ശതമാനം 7.3 ശതമാനം വരുന്ന അതിസമ്പന്നരുടെ കൈവശം എത്തിയപ്പോൾ ഔദ്യോഗിക കണക്കനുസരിച്ച് കഴിഞ്ഞ 7 വർഷത്തിനിടയിൽ 3.2 കോടി കർഷകർക്ക് കൃഷി ഉപേക്ഷിക്കേണ്ടി വന്നു. 2025 ആവുമ്പോഴേക്കും രാജ്യത്ത് അവശേഷി

ക്കുന്ന കർഷകരിൽ 42 ശതമാനത്തിന് കൂടി കൃഷി ഉപേക്ഷി ക്കേണ്ടി വരുമെന്ന് പഠനങ്ങൾ പറയുന്നു

രാവിലെ മുതൽ രാത്രിവരെ പാടത്തും പറമ്പത്തും മഴയും വെയിലും മഞ്ഞും കൊണ്ട് പ്രതികൂല കാലാവസ്ഥ യോടും കാട്ടുമൃഗങ്ങളോടും മത്സരിച്ച് വിവിധ കൃഷികൾ ചെയ്ത് സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളെയും തീറ്റിപോറ്റുകയും സംസ്ഥാനത്തിന് വരുമാനം ഉണ്ടാക്കികൊ ടുക്കുകയും ചെയ്യുന്ന കർഷകർ, കർഷകതൊഴിലാളികൾ, ചെറുകിടനാമമാത്ര കച്ചവടക്കാർ, ഇവരെ ആശ്രയിക്കുന്ന അനുബന്ധതൊഴിൽ മേഖലയിൽ തൊഴിലെടുക്കുന്ന യഥാർത്ഥ കൂലിതൊഴിലാളികൾ എന്നിവർ കഴിഞ്ഞ മുപ്പതോ നാൽപ്പതോ വർഷമായി മണ്ണിൽ അദ്ധ്വാനിച്ചിട്ടും പൂർവ്വികർ വീതം വെച്ച് തന്ന സ്വത്ത് വിൽക്കാനല്ലാതെ സ്വന്തമായി അദ്ധ്വാനിച്ച ഫല ത്തിൽനിന്ന് പത്ത് സെന്റ് മണ്ണ് വാങ്ങിക്കാൻ കഴിഞ്ഞിട്ടുണ്ടോ? സ്വന്തമായി ഒരു വീടുണ്ടാക്കാൻ, മക്കളുടെ വിവാഹം കഴി ക്കാൻ, മക്കളെ പഠിപ്പിക്കാൻ, രോഗത്തിന് ചികിത്സിക്കാൻ കടം വാങ്ങേണ്ടിവരുമ്പോൾ, മറ്റുള്ളവരുടെ മുന്നിൽ കൈനീ ട്ടേണ്ട ഗതികേട് ഉണ്ടാവുമ്പോൾ നമ്മൾ ഇത്രയും കാലം അദ്ധ്വാനിച്ചതിന്റെ ഫലം എവിടെ പോയി ? നമ്മുടെ അദ്ധ്വാന ഫലം ആരാണ് തട്ടിയെടുക്കുന്നത് ? ഒരു സർക്കാർ ജീവന ക്കാരനോ വ്യവസായിക്കോ ബിസിനസ്സുകാരനോ രാഷ്ട്രീയ നേതാവിനോ ഈ ഗതി വരുന്നില്ല കാരണമെന്ത് ? ഇതിനെ കുറിച്ച് നിങ്ങൾ എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ ? ഇല്ലായെ ങ്കിൽ ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

43,61,607 യുവതീയുവാക്കൾ എംപ്ലോയ്മെന്റ് എക്ചേ ഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനുവേണ്ടി കാത്തി രിക്കുമ്പോൾ കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്ത് 28899 തസ്തികകളിലും പിന്നീട് വന്ന എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 7838 തസ്തികകളിലും ഇപ്പോഴത്തെ യു.ഡി.എഫ് ഭര ണകാലത്ത് 8697 തസ്തികകളിലും നടപ്പിലാക്കിയ നിയമന നിരോധനത്തിലൂടെ ഇടതും വലതും കൂടി കഴിഞ്ഞ 13 വർഷ ത്തിനിടയിൽ 38596 തസ്തികകളിൽ നിയമന നിരോധനം നട പ്പിലാക്കി. പെൻഷൻവാങ്ങിച്ചുകൊണ്ടിരിക്കുന്ന 3000 പേർക്ക്

കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഹോംഗാർഡുമാരായി വീണ്ടും തൊഴിൽ കൊടുക്കുകയും ചെയ്തപ്പോഴും അഭ്യസ്ഥ വിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുമ്പോഴും ഇടത്-വലത് യുവജന സംഘടനകൾ മൗനം പാലിക്കുന്നു. 526428 സർക്കാർ തസ്തികകൾ നിലവിലുള്ള സംസ്ഥാനത്ത് ഒരു വർഷം ശരാശരി 18000 പേരാണ് പെൻഷനാവുന്നത്. പക്ഷേ ഒരുവർഷം 4 ലക്ഷം വിദ്യാർത്ഥികൾ എസ്.എസ്.എൽ. സി. പരീക്ഷ പാസ്സാവുമ്പോൾ മഹാഭൂരിപക്ഷത്തിനും സർക്കാർ ജോലി ഒരു സ്വപ്നം മാത്രമാവുന്നു.

സംസ്ഥാനത്ത് നിലവിലുള്ള 4,79,994 സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകാൻ വേണ്ടി റവന്യൂ വരുമാനത്തിന്റെ 41 ശതമാനവും 5,28,296 പെൻഷൻകാർക്ക് പെൻഷൻ നൽകാനായി 21 ശതമാനവും വാങ്ങിച്ച കടത്തിന്റെ പലിശയിനത്തിൽ 19 ശതമാനവും ചിലവഴിക്കുമ്പോൾ റവന്യൂ വരുമാനത്തിന്റെ 81 ശതമാനവും തീരുന്നു. ബാക്കിയുള്ള 19 ശതമാനത്തിൽ നിന്ന് മന്ത്രിമാരുടെയും എം.എൽ.എ. മാരുടെയും അവരുടെ പേഴ്സണൽ സ്റ്റാഫിന്റെയും ശമ്പളം, പെൻഷൻ, യാത്രാബത്ത, ഫോൺ ചിലവ്, വാടക, ചികിത്സാചിലവ്, ചായസൽക്കാരം തുടങ്ങിയവയ്ക്ക് കൂടി ചിലവഴിക്കുമ്പോൾ ബാക്കിവരുന്നത് കേവലം 7 ശതമാനം തുക മാത്രമാണ്. വരുന്ന ജൂൺ മാസത്തോടെ അടുത്ത ശമ്പള കമ്മീഷന്റെ റിപ്പോർട്ടു കൂടി പുറത്തുവരുമ്പോൾ 3 ശതമാനം ജനങ്ങളെ തീറ്റിപോറ്റാൻ 115 ശതമാനം വരുമാനം വേണ്ടിവരും. പിന്നീട് വരാൻ പോവുന്ന നികുതി വർദ്ധനവും വിലക്കയറ്റവും നാം പ്രതീക്ഷിക്കുന്നതിലും അപ്പുറത്തായിരിക്കും.

വായ്പ തിരിച്ചടയ്ക്കാൻ ഗതിയില്ലാത്ത വീട്ടമ്മ തന്റെ ഗർഭപാത്രം വാടകയ്ക്ക് നല്കി കടം വീട്ടാൻ പത്രപരസ്യം ചെയ്ത സംസ്ഥാനത്ത്, മക്കളുടെ വിദ്യഭ്യാസത്തിനും ഒരുനേരത്തെ ഭക്ഷണത്തിനും വേണ്ടി ശരീരം വിറ്റ് കുടുംബം പുലർത്തുന്ന 27458 സഹോദരിമാരുള്ള സംസ്ഥാനത്ത്, മൂന്നു ദിവസത്തിൽ ഒരു ഉദ്യോഗസ്ഥൻ എന്ന കണക്കിൽ കൈക്കൂലികേസിൽ അറസ്റ്റ് ചെയ്യപ്പെടുമ്പോൾ സർക്കാർ ജീവനക്കാർക്ക് ഇന്ത്യയിലെവിടെയും 6500.കി.മി. കുടുംബ സമേതം

സൗജന്യയാത്ര ചെയ്യാൻ സാധാരണക്കാരന്റെ രക്തം വിയർപ്പാക്കുന്ന നികുതി പണം.

കമ്പോളത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുമ്പോൾ അത് ഉദ്യോഗസ്ഥനെ എങ്ങനെ ബാധിക്കുന്നുവെന്ന് പഠിച്ച് അതിന് ആനുപാതികമായി ശമ്പള വർദ്ധനവ് ശുപാർശ ചെയ്യാൻ 5 വർഷം കൂടുമ്പോൾ ശമ്പള കമ്മീഷനും അതിനിടയിൽ സർക്കാർ പ്രഖ്യാപിക്കുന്ന ക്ഷാമ ബത്തയും, എന്നാൽ കർഷകൻ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വില കുത്തനെ ഇടിയുകയും അവന്റെ ഉത്പാദന ചിലവും ജീവിത ചിലവും കുത്തനെ ഉയർന്ന് അവൻ പട്ടിണിയിലായാലും അവൻ എങ്ങനെ ജീവിക്കുന്നുവെന്നത് സർക്കാരിന് പ്രശ്നമല്ല, അഞ്ച് വർഷം കൂടുമ്പോൾ ഈ കഴുതകൾ ഒന്നുകിൽ ഇടതുപക്ഷത്തിന് അല്ലെങ്കിൽ വലതുപക്ഷത്തിന് വോട്ടുചെയ്തുകൊള്ളും. 50000 രൂപ മുതൽ ലക്ഷങ്ങൾ പ്രതിമാസം ശമ്പളം വാങ്ങിക്കുന്നവർക്കും തൊഴിലാളി വർഗസംരക്ഷണം. അവന്റെ പെൻഷന്റെയും ആനുകൂല്യങ്ങളുടെയും വിഷയങ്ങൾ വരുമ്പോൾ തൊഴിലുറപ്പിൽ പണിയെടുക്കുന്ന സാധാരണക്കാരൻ ഉൾപ്പെടെ വിദ്യാർത്ഥികളെയും യുവജനസംഘടനകളെയും ട്രേഡ് യൂനിയനുകളെയും തെരുവിലിറക്കാൻ രാഷ്ട്രീയ പാർട്ടികൾ. കർഷകനും കർഷകതൊഴിലാളിയ്ക്കും സർക്കാരിന്റെ ഔദാര്യമായി ലഭിക്കുന്ന പെൻഷൻ വർഷങ്ങളോളം കുടിശ്ശികയായാലും ഇവർക്ക് പ്രശ്നമില്ല. ഉദ്യോഗസ്ഥരുടെ ശമ്പളമോ പെൻഷനോ ഒരുദിവസം പോലും വൈകാൻ പാടില്ല. കാരണം ഉദ്യോഗസ്ഥർ നൽകുന്നലെവിയും സാധാരണക്കാരന്റെ വോട്ടും മാത്രമേ ഇവർക്ക് ആവിശ്യമുള്ളൂ.

703631 ഉദ്യോഗസ്ഥർക്ക് കർണാടക സർക്കാർ റവന്യു വരുമാനത്തിന്റെ 20 ശതമാനവും 1077101 ഉദ്യോഗസ്ഥർക്ക് ആന്ധ്ര സർക്കാർ റവന്യു വരുമാനത്തിന്റെ 23 ശതമാനവും മാത്രമാണ് ശമ്പളമായി നൽകുന്നത്. ബ്രാഹ്മണരെ തീറ്റിപോറ്റിയതിന് ശേഷം മാത്രം മറ്റുള്ളവർക്ക് എന്നത് വർണ്ണാശ്രമ വ്യവസ്ഥയുടെ അടിസ്ഥാന പ്രമാണമായിരിരുന്നു. ഇന്നത്തെ കേരളത്തിലെ ബ്രാഹ്മണരാണ് ഉദ്യോഗസ്ഥരും ഭരണാധികാരികളും. അവരുടെ ഊണ് കഴിഞ്ഞ് മിച്ചം വരുന്നില്ലായെന്ന

സത്യം ഉണ്ണുന്നവർ ബോധപൂർവ്വം മറക്കുമ്പോൾ വിളമ്പുന്നവർ മറക്കാൻ പാടില്ല.

8500 രൂപ അടിസ്ഥാനശമ്പളവും 6800 രൂപ ഡി.എ. ഉൾപ്പെടെ 15300 രൂപ ശമ്പളത്തിൽ സർവ്വീസിൽ കയറുന്ന സർക്കാർ സർവ്വീസിലെ ഏറ്റവും താഴെ ഗ്രേഡിലുള്ള പ്യൂണിന് 5 ശമ്പള വർദ്ധനവിന്റെ ആനുകൂല്യം ലഭിക്കും. എങ്ങനെയായാലും 10 വർഷം കഴിയുമ്പോൾ പ്രമോഷൻ ഉണ്ടാവും. അപ്പോൾ ശമ്പളത്തിൽ വരുന്ന വർദ്ധനവ് വേറെ. അങ്ങനെ ഇദ്ദേഹത്തിന് 5 ശമ്പള കമ്മീഷന്റെ ആനുകൂല്യം കൂടി ലഭിക്കുമ്പോൾ 25 -ാം വർഷത്തിൽ ഇപ്പോൾ സർവ്വീസിൽ കയറുന്ന ഒരു പ്യൂണിന്റെ പ്രതിമാസ ശമ്പളം ഏകദേശംഒരു ലക്ഷം രുപയോളം വരും. അതിന് പുറമെ ആനുപാതികമായി വർദ്ധിക്കുന്ന ഗ്രാറ്റുവിറ്റി, ലീവ് സറണ്ടർ, പെൻഷൻ കമ്മ്യൂട്ടേഷൻ, പ്രൊവിഡന്റ് ഫണ്ട് എന്നിവയിലൂടെ ഏകദേശം 30 ലക്ഷത്തോളം രൂപ വേറെയും. ഒരു പ്യൂണിന്റെ അവസ്ഥ ഇതാണെങ്കിൽ ക്ലാർക്ക് മുതൽ മുകളിലോട്ടുള്ളവരുടെ ശമ്പളം പറയേണ്ടതില്ലല്ലോ. ഇതിനെല്ലാം പുറമെ ഓരോ വിഭാഗം ഉദ്യോഗസ്ഥർക്ക് യാത്രാ ബത്ത. വീട്ടുവാടക, വീടുമാറുമ്പോൾ വീട്ടുസാധനങ്ങൾ വണ്ടിയിൽ കയറ്റാനും ഇറക്കാനും അലവൻസ്, രോഗം വന്നാൽ ചികിത്സാചിലവ്, കണ്ണടയ്ക്ക് 1000 രൂപ അലവൻസ്, ചെരുപ്പ് വാങ്ങിക്കാൻ പ്രതി വർഷം 300 രൂപ അലവൻസ്, യൂനിഫോം ധരിക്കുന്നവർക്ക് തുണി വാങ്ങിക്കാനും തുന്നാനും അത് അലക്കാനും ഉള്ള അലവൻസ് തുടങ്ങി പല പേരുകളിലും ഉള്ള അലവൻസുകൾ വേറെയും, ഒരു വീട്ടിൽ തന്നെ ഒന്നിൽ കൂടുതൽ സർക്കാർ ജീവനക്കാരും പെൻഷൻകാരുമുള്ള വീട്ടിലേക്ക് വരുന്ന റവന്യു വരുമാനം ഒന്ന് ഊഹിച്ച് നോക്കൂ. ചുരുക്കിപറഞ്ഞാൽ ഒരു സർക്കാർ ജോലി കിട്ടിയാൽ ആ കുടുംബത്തിലെ രണ്ടോ മൂന്നോ തലമുറകൾക്ക് ജീവിക്കാനുള്ളത് ഒരാൾക്ക് സമ്പാദിക്കാൻ കഴിയുന്നു.കേരളത്തിലെ ചില സർക്കാർ ജീവനക്കാർ 2014 മാർച്ച് മാസത്തിൽ കൈപ്പറ്റിയ ശമ്പളത്തിന്റെ വിവരാവകാശ നിയമപ്രകാരം ലഭിച്ച കണക്കുകളാണ് താഴെ കൊടുത്തിരിക്കുന്നത്. ഇതിനെ നിങ്ങൾക്ക് കിട്ടുന്ന വരുമാനവുമായി താരതമ്യം ചെയ്ത് നോക്കൂ.

| | |
|---|---|
| ഐ.എ.എസ്. ഉദ്യോഗസ്ഥൻ | 187420 |
| പോലീസ് സൂപ്രണ്ട് | 162850 |
| പ്രൊഫസർ(മെഡിക്കൽ കോളജ്) | 173339 |
| പ്രൊഫസർ (കോളജ്) | 109900 |
| ഡോക്ടർ(ഹെൽത്ത്സെന്റർ) | 100158 |
| എക്സി.എഞ്ചിനീയർ | 91428 |
| കൃഷി ഓഫീസർ | 82332 |
| സബ് രജിസ്ട്രാർ | 54410 |
| സീനിയർ സൂപ്രണ്ട് | 52406 |
| അദ്ധ്യാപകൻ | 52560 |
| നേഴ്സ് | 48635 |
| സബ്-ഇൻസ്പെക്ടർ | 46322 |
| ഹെഡ്ക്ലാർക്ക് | 42806 |
| വില്ലേജ് ഓഫീസർ | 42895 |
| എൽ.ഡി.ക്ലാർക്ക് | 39908 |
| ടൈപ്പിസ്റ്റ് | 33338 |
| ഡ്രൈവർ | 32963 |

സംസ്ഥാനത്തെ റവന്യൂ വരുമാനം പൂർണ്ണമായും ഒരു ന്യൂനപക്ഷത്തിന് വേണ്ടി മാത്രം വിനിയോഗിക്കുമ്പോൾ ഭൂരി പക്ഷ ജനവിഭാഗത്തെ ബാധിക്കുന്ന ആരോഗ്യം, വിദ്യഭ്യാസം, കൃഷി, തുടങ്ങിയ മേഖലകൾക്കും അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കും എ.ഡി.ബി.യും ലോകബേങ്കും തുറന്നു വെച്ച വാതിലിലൂടെ ഇടത്-വലത് മന്ത്രിമാർ തലയിൽ മുണ്ടും ഇട്ട് കയറി ജനങ്ങളെ പണയം വെച്ച് വാങ്ങിച്ച വായ്പയുടെ ഭാരം കുടി സാധാരണക്കാരന്റെ തലയിൽ കെട്ടി വെച്ചപ്പോൾ സംസ്ഥാനത്തിന്റെ പൊതു കടം കഴിഞ്ഞ സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് 121270 കോടി കവിഞ്ഞു. കാട്ടിലെ തടി തേവരുടെ ആന പിന്നെ ആര് ചോദിക്കാൻ. ഇങ്ങനെ കടം വാങ്ങിച്ച് ഭരിക്കാനാണെങ്കിൽ ഭരണം കമ്മീഷൻവ്യവസ്ഥയിൽ റാറ്റയുടെയോ റിലയൻസിന്റെയോ മാനേജ്മെന്റ് വിദഗ്ദരെ ഏൽപ്പിച്ചാൽ അവർ ഇതിലും ഭംഗിയായി ഭരിക്കുകയും ഭര ണാധികാരികൾ കയ്യിട്ട് വാരുന്ന പണം മിച്ചം ലഭിക്കുകയും

ചെയ്യുമല്ലോ. സ്വാതന്ത്ര്യം ലഭിച്ച് 67 വർഷങ്ങൾ പിന്നിടുമ്പോൾ സോഷ്യലിസം മുഖമുദ്രയായുള്ള ഭരണഘടന നിലനിൽക്കുന്ന രാജ്യത്ത് ഒരു ന്യൂനപക്ഷത്തിന്റെ മാത്രം ജീവിതനിലവാരം ഉയർന്നുകൊണ്ടിരിക്കുകയും മഹാഭൂരിപക്ഷത്തിന്റെ ജീവിതനിലവാരം താഴ്ന്നുകൊണ്ടിരിക്കുകയും ചെയ്യുകയാണ്. ഓരോ ശമ്പള പരിഷ്ക്കരണവും പ്രഖ്യാപിക്കപ്പെടുമ്പോഴും ഉദ്യോഗസ്ഥരുടെ ശമ്പളം ഇരട്ടിയായി വർദ്ധിക്കുന്നു. പക്ഷേ സർക്കാരിന്റെ വരുമാനത്തിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടാവുന്നില്ല. കാരണം ശമ്പള വർദ്ധനവ് കൊണ്ട് ഉദ്യോഗസ്ഥന്റെ കൈകളിലേക്ക് എത്തുന്ന പണം കമ്പോളത്തിലേക്ക് പോകാതെ നിക്ഷേപങ്ങളിൽ നിഷ്ക്രിയമാക്കപ്പെടുന്നു. അതുകൊണ്ട് പൊതുഖജനാവിൽ നിന്ന് പുറത്തേക്ക് പോകുന്ന പണം തിരികെ ഖജനാവിലേക്ക് എത്തുന്നില്ല. അതായത് 25000 രൂപ ശമ്പളം ലഭിക്കുന്ന ഒരു ഉദ്യോഗസ്ഥന്റെ ശമ്പളം 40000 രൂപയായി വർദ്ധിപ്പിച്ചാലും അദ്ദേഹം ഉപയോഗിക്കുന്ന ഉൽപ്പന്നത്തിന്റെ അളവ് വർദ്ധിക്കുന്നില്ല. 100 ഗ്രാം അരിയുടെ ചോറ് കഴിക്കുന്ന വ്യക്തിക്ക് ശമ്പളം വർദ്ധിച്ചുവെന്നതിന്റെ പേരിൽ 200 ഗ്രാം അരിയുടെ ചോറ് കഴിക്കാൻ കഴിയുകയില്ല. വാങ്ങിക്കുന്ന ഉൽപ്പന്നത്തിന്റെ ഗുണ നിലവാരം ചിലപ്പോൾ വർദ്ധിപ്പിച്ചെന്നിരിക്കാം. അപ്പോഴും 10000 രൂപ പ്രതിമാസം ചിലവ് വന്നിരുന്ന വ്യക്തിയുടെ ചിലവ് 15000 രൂപയായി വർദ്ധിക്കാമെന്ന് മാത്രമേയുള്ളൂ. 25000 രൂപ ശമ്പളം ലഭിച്ചപ്പോൾ 10000 രൂപ ചിലവും കഴിച്ച് ബാക്കി വന്നിരുന്ന 15000 രൂപമാത്രമായിരുന്നു നിക്ഷേപങ്ങളിൽ നിഷ്ക്രിയമായിരുന്നതെങ്കിൽ ശമ്പളം 40000 രൂപയായപ്പോൾ ചിലവ് 15000 രൂപയായി വർദ്ധിച്ചെങ്കിലും നിക്ഷേപങ്ങളിൽ നിഷ്ക്രിയമാകുന്ന തുക 15000 ൽ നിന്ന് 25000 ആയി വർദ്ധിച്ചു. അതായത് ശമ്പള വർദ്ധനവിലൂടെ ന്യൂനപക്ഷമായ ഒരു വിഭാഗത്തിന്റെ ജീവിത നിലവാരം ഉയരുമ്പോൾ നിഷ്ക്രിയമാക്കപ്പെടുന്ന പൊതുവരുമാനത്തിന്റെ തോത് ക്രമാതീതമായി വർദ്ധിക്കുന്നു. അതുകൊണ്ട് പൊതുകമ്പോളത്തിലെ വിനിമയത്തിലൂടെ ഉയരേണ്ട സാധാരണക്കാരന്റെ ജീവിത നിലവാരം താഴോട്ടുപോകുന്നു.

സാമൂഹ്യസുരക്ഷിതത്വ മേഖലകളിൽ നിന്ന് സർക്കാ

രിന്റെ പിന്മാറ്റം അരംഭിച്ചതോടെ സാധരണക്കാരന്റെ ആരോഗ്യം റിലയൻസിന് തീരെഴുതുകയും കഴിഞ്ഞ ഒരു വർഷം കൊണ്ട് ആരോഗ്യ ഇൻഷൂറൻസ് വകയിൽ കേരളത്തിൽ നിന്ന് റിലയൻസിന്റെ ലാഭം 47 കോടി. സാധാരണക്കാരന്റെ ആരോഗ്യ സംരക്ഷണം അംബാനിയുടെ ഔദാര്യമെങ്കിൽ ഉദ്യോഗസ്ഥർക്ക് ആരോഗ്യം സംരക്ഷിക്കാൻ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് പദ്ധതി. സ്വന്തം ആരോഗ്യം സംരക്ഷിക്കാൻ ഒരു എം.എൽ.എ. ഖജനാവിൽ നിന്നും എടുക്കുന്നത് ശരാശരി 60080 രൂപ.

ഇടതും വലതും കുടി കഴിഞ്ഞ 13 വർഷത്തിനിടയിൽ 841 സ്വാശ്രയ വിദ്യഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചപ്പോൾ 31 സർക്കാർ കോളേജുകൾ മാത്രമാണ് ആരംഭിച്ചത്. സ്വാശ്രയ വിദ്യഭ്യാസ സ്ഥാപനങ്ങളിൽ സാധാരണക്കാരന്റെ മക്കളെ പഠിപ്പിക്കേണമെങ്കിൽ വിദ്യഭ്യാസ വായ്പ വേണം. വിദ്യഭ്യാസ വായ്പ ലഭിക്കേണമെങ്കിൽ കടബാധ്യതയില്ലാത്ത ഭൂമി പണയം നൽകേണം. ഇവിടെ എത്ര സാധാരണക്കാന്റെ കൈവശത്തിൽ കടബാധ്യതയില്ലാത്ത ഭൂമിയുണ്ട് ? അതായത് സാധാരണക്കാരന്റെ മക്കളെ തൊഴിൽ മേഖലയിൽ നിന്നും അകറ്റി നിർത്തുന്നതിന്റെ ഭാഗമായി സാധാരണക്കാരന്റെ മക്കളുടെ വിദ്യഭ്യാസത്തിനുള്ള അവസരം ബോധപൂർവ്വം നിഷേധിക്കുകയും അതിലൂടെ വിദ്യഭ്യാസവും തൊഴിലും പണക്കാരന്റെ മക്കൾക്ക് മാത്രമായി സംവരണം ചെയ്യപ്പെടുകയും ചെയ്യുന്നു. ജനങ്ങളുടെ നികുതി പണം കൊണ്ട് പഠിച്ച ഭരണാധികാരികൾ ഇന്നുപറയുന്നു സാധാരണക്കാരന്റെ മക്കളെ വേണമെങ്കിൽ വിദ്യഭ്യാസവായ്പയെടുത്ത് പഠിപ്പിച്ചോ എന്ന്.

അധികാരം കേന്ദ്രീകരിക്കപ്പെടുമ്പോൾ അഴിമതിക്ക് സാധ്യത വർദ്ധിക്കുമെന്ന് മനസ്സിലാക്കിയായിരുന്നു ഗാന്ധിജി സമ്പൂർണ്ണ ഗ്രാമസ്വരാജ് പ്രഖ്യാപിച്ചത്. സ്വാതന്ത്ര്യം ലഭിച്ച് ആറ് പതിറ്റാണ്ടുകൾ കഴിഞ്ഞു. പഞ്ചായത്ത് രാജ് നിയമം വന്നു. എന്നിട്ടും ഗ്രാമസ്വരാജ് മാത്രം നടപ്പിലായില്ല. ഇതിന്റെ കാരണം 1948 ലെ ജീപ്പ് കുംഭകോണത്തിൽ ആരംഭിച്ച് കൽക്കരി കുംഭകോണങ്ങൾ വരെയുള്ള വലുതും ചെറുതുമായ കുംഭകോണങ്ങൾ നമ്മളോട് വിശദീകരിക്കും. രാഷ്ട്രീയ നേതൃ

ത്വവും ഉദ്യോഗസ്ഥരും വ്യവസായികളും കോർപ്പറേറ്റുകളും കൈകോർത്തപ്പോൾ ജനാധിപത്യ പ്രക്രിയയുടെ ഫലമായി നേടിയ സാമൂഹ്യപുരോഗതിയിലൂടെ സമൂഹത്തിന് ലഭ്യമാവേണ്ടിയിരുന്ന സാമ്പത്തിക പുരോഗതി ഒരു ന്യൂനപക്ഷത്തിന്റെ കൈകളിൽ കേന്ദ്രീകരിക്കപ്പെട്ടു. .2011 ൽ ശരാശരി 75 കോടി രൂപ ആസ്തിയുള്ള 62,000 സമ്പന്നരായിരുന്നു നമ്മുടെ രാജ്യത്ത് ഉണ്ടായിരുന്നതെങ്കിൽ 2016 ൽ 1000 കോടി രൂപയുടെ ആസ്തിയുള്ള 2,19,000 അതിസമ്പന്നർ ഉണ്ടാവുമെന്ന് പഠനങ്ങൾ പറയുന്നു. ഭരണം തന്നെ നേതാക്കന്മാർക്കും അവരെ ആശ്രയിക്കുന്നവർക്കും വേണ്ടി മാത്രമാണെന്ന് സാധാരണക്കാരൻ തിരിച്ചറിഞ്ഞു തുടങ്ങിയിരിക്കുന്നു.

വ്യവസ്ഥാപിതമായ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അധികാരത്തിനുവേണ്ടി എല്ലാ മൂല്യങ്ങളെയും സ്വന്തം പ്രത്യയശാസ്ത്രത്തെ പോലും കുഴിച്ച് മൂടികൊണ്ട് ജാതിയുടെയും മതത്തിന്റെയും വ്യക്തികളുടേയും താൽപര്യം സംരക്ഷിക്കാനായി രൂപപ്പെട്ട പാർട്ടികളുമായി സന്ധിചെയ്യുമ്പോൾ പൊതുസമൂഹം വലിയവില നൽകേണ്ടിവരുന്നു. പൊതുതാൽപര്യം ബലികഴിക്കപ്പെടുമ്പോഴും പൊതുമുതൽ പങ്കിട്ടെടുക്കുമ്പോഴും സാധാരണക്കാരന്റെ കീശ കൊള്ളയടിക്കുമ്പോഴും മുഖ്യധാരാരാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് നിസ്സഹായരായി മൗനം പാലിക്കേണ്ടി വരുന്നു. കോർപ്പറേറ്റ് വൽക്കരണ കാലഘട്ടത്തിൽ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും പണക്കാരും ഒരുപരസ്പര സഹായ സഹകരണ സംഘമായി പ്രവർത്തിക്കുമ്പോൾ സമരങ്ങളും പ്രതിഷേധങ്ങളും കേവലം ചടങ്ങുകളായി മാറുന്നു. വ്യത്യസ്ഥ ചേരികളിൽപ്പെട്ട രാഷ്ട്രീയനേതാക്കന്മാരുടെ കൂട്ടുകച്ചവടം വ്യാപകമാകുന്നു. ഇന്നല വരെ വലതുപക്ഷത്തിരുന്ന് ഇടതുപക്ഷത്തെ വിമർശിച്ചവർ ഇന്ന് ഇടതുപക്ഷത്തേക്ക് ചേക്കേറുമ്പോഴും, ഇന്നല വരെ ഇടതുപക്ഷത്തിരുന്ന് വലതുപക്ഷത്തെ വിമർശിച്ചവർ ഇന്ന് വലതുപക്ഷത്തേക്ക് ചേക്കേറുമ്പോഴും അധികാരത്തിന് വേണ്ടി മാത്രം കുടുമാറികൊണ്ടിരിക്കുന്ന രാഷ്ട്രീയ നപു.സകങ്ങളെ സ്വന്തം പ്രത്യയശാസ്ത്രങ്ങൾ പോലും മറന്നുകൊണ്ട് മുഖ്യധാര രാഷ്ട്രീയപ്രസ്ഥാനങ്ങൾ ഇരുകൈകളും നീട്ടി സ്വീകരിക്കുന്നു. രാഷ്ട്രീ

യത്തിൽ സ്ഥിരം ശത്രുക്കളോ മിത്രങ്ങളോ ഇല്ലായെന്ന് പറഞ്ഞ് ഇതിനെ ന്യായീകരിക്കുകയും അധികാരത്തിനുവേണ്ടി രാഷ്ട്രീയത്തിന് സ്വന്തം വ്യാഖ്യാനം നൽകുമ്പോൾ മൂല്യാധിഷ്ഠിതമായ രാഷ്ട്രീയം വ്യഭിചരിക്കപ്പെടുകയും പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുന്ന അണികൾ വിഡ്ഢികളാക്കപ്പെടുകയും ജനങ്ങളെ കൊള്ളയടിക്കപ്പെടുകയും ചെയ്യുന്നു.

14-ാം ലോകസഭയിലെ ജനപ്രതിനിധികളിൽ 50 ശതമാനവും 15-ാം ലോകസഭയിലെ 58 ശതമാനവും 16-ാം ലോകസഭയിലെ 82 ശതമാനം പേരും കോടീശ്വരന്മാരാണ്. (തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട പലരും ജയിച്ചിരുന്നുവെങ്കിൽ ഇത് 100 ശതമാനം ആവുമായിരുന്നു.) 14-ാം ലോകസഭയിലെ ജനപ്രതിനിധികളുടെ ശരാശരി ആസ്തി 2.75 കോടി രൂപയായിരുന്നുവെങ്കിൽ 15-ാം ലോകസഭയിൽ 5.3 കോടിയും 16-ാം ലോകസഭയിലെ ജനപ്രതിനിധികളുടെ ശരാശരി ആസ്തി 14.61 കോടി രൂപയുമായി വർദ്ധിച്ചു. കഴിഞ്ഞ കേരള നിയമസഭയിൽ 8 കോടീശ്വരന്മാരുണ്ടായിരുന്നുവെങ്കിൽ ഇപ്പോൾ അത് 36 ആയി വർദ്ധിച്ചു. ബി.ജെ.പി. യുടെ എം.പി.മാരിൽ 84 ശതമാനവും കോൺഗ്രസ്സിന്റെ എം.പി. മാരിൽ 71 ശതമാനവും തൊഴിലാളി വർഗപാർട്ടിയായ സി.പി.എം ന്റെ 9 ൽ 3 പേരും സാധാരണക്കാരന്റെ പാർട്ടിയായ എ.എ.പി. യുടെ 4 ൽ 3 എം.പി മാരും കോടീശ്വരന്മാരാണ് (തിരഞ്ഞെടുപ്പിൽ പരാജയപ്പെട്ട പലരും ജയിച്ചിരുന്നുവെങ്കിൽ ഇത് 100 ശതമാനം ആവുമായിരുന്നു.) പ്രജകൾ ദരിദ്രരാവുമ്പോൾ ഭരണാധികാരികൾ സമ്പന്നരാവുന്നതെങ്ങനെ ?

രാജ്യത്തിന്റെ നിയമത്തെപോലും വെല്ലുവിളിച്ചുകൊണ്ട് കഴിഞ്ഞ 9 വർഷം കൊണ്ട് കോൺഗ്രസ്സ് 2791 കോടിയും, ബി. ജെ.പി. 1628 കോടിയും, സി.പി.എം. 647 കോടിയും, ബി.എസ്. പി. 585 കോടിയും, എൻ.സി.പി .228 കോടി രൂപയുടെയും വരുമാനമുണ്ടാക്കിക്കൊണ്ട് ടാറ്റയുടെയും അംബാനിയുടെയും കൂട്ടത്തിൽ രാജ്യത്തെ ഏറ്റവും വലിയ മുതലാളിമാരായി മാറിയപ്പോൾ മൂലധനമില്ലാതെ നടത്താൻ കഴിയുന്ന എറ്റവും നല്ല ബിസിനസ്സായി രാഷ്ട്രീയം മാറി. പണത്തിനുവേണ്ടി രാജ്യത്തെ നിയമത്തെ നഗ്നമായി ലംഘിക്കുന്ന ഇവർ പണത്തിനുവേണ്ടി

ഈ നാടിനേയും ജനങ്ങളെയും ഒറ്റുകൊടുക്കില്ലായെന്ന് എന്താണ് ഉറപ്പ് ?

കോൺഗ്രസ്സിന് 2471 കോടിയുടെയും, ബി.ജെ.പി. ക്ക് 1221 കോടിയുടെയും, സി.പി.എം ന്. 988 കോടിയുടെയും, ബി.എസ്.പി. ക്ക് 1270 കോടിയുടെയും അസ്തിയുമായി രാജ്യത്തെ ഏറ്റവും വലിയ മൂലധനശക്തികളായി മാറുമ്പോൾ സാധാരണക്കാരന് ആത്മഹത്യ തിരഞ്ഞെടുക്കേണ്ടി വരുന്നു. അങ്ങനെ 1995 നും 2012 നും ഇടയിൽ രാജ്യത്ത് 2,84,694 കർഷകർ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്യേണ്ടിവന്നു. 2020 നുള്ളിൽ 6 ലക്ഷത്തോളം കർഷകർക്കുകൂടി ആത്മഹത്യ ചെയ്യേണ്ടിവരുമെന്ന് പഠനങ്ങൾ പറയുന്നു.

വ്യവസായവിപ്ലവത്തിന്റെ കാലഘട്ടത്തിൽ ചൂഷണത്തിന് വിധേയരായ തൊഴിലാളി വർഗത്തെ സംരക്ഷിക്കാൻ തൊഴിലാളി വർഗത്തിന്റെ പ്രത്യയശാസ്ത്രം ജന്മമെടുത്തപ്പോൾ അതേ വ്യവസായവിപ്ലവത്തിന്റെ സന്തതിയായ കാർഷിക വിപ്ലവത്തോടെ കർഷകർ അനുഭവിക്കേണ്ടിവന്ന ചൂഷണത്തിൽ നിന്നും കർഷകരെ സംരക്ഷിക്കാൻ മാർക്സിന്റെ പ്രത്യയശാസ്ത്രം തയ്യാറായില്ല.. കാരണം തൊഴിലാളികളിൽ 10 ൽ 9 പേരും സ്വന്തമായി ഭൂമി ഇല്ലാത്തവരും എന്നാൽ കർഷകർ, ഇടത്തരക്കാർ, ചെറുകിട വ്യവസായികൾ, ഷാപ്പുടമകൾ, കൈവേലക്കാർ തുടങ്ങിയവരെയെല്ലാം സ്വന്തമായോ പാട്ടത്തിനോ ഭൂമി കൈവശമുള്ളവരായതിനാൽ ഒരു പോരാട്ടത്തിൽ നഷ്ടപ്പെടാൻ ഇവർക്ക് പലതും ഉണ്ട്. അതിനാൽ ഇവർക്ക് വിപ്ലവകാരികളാവാൻ കഴിയില്ല. ഇവർ ചരിത്രത്തിന്റെ ചക്രം പിന്നോട്ട് തിരിക്കാൻ ശ്രമിക്കുന്നവരും സമൂഹത്തിലെ ചെറ്റകളും പിന്തിരിപ്പൻമാരുടെ ഉപജാപകങ്ങൾക്ക് വേണ്ടി കൂലിക്കെടുക്കാവുന്ന ചട്ടുകവുമായിട്ടാണ് മാർക്സ് തന്റെ വിഖ്യാതമായ മാനിഫെസ്റ്റോവിൽ ഇവരെ വിശേഷിപ്പിച്ചത്.

അതുകൊണ്ട് പ്രിയപ്പെട്ട സുഹൃത്തെ നമുക്ക് ഇനിയും വൈകിക്കൂട. സംഘടിക്കാത്ത വർഗ്ഗമെന്ന് മുദ്രകുത്തി നമ്മുടെ ആധുനിക രാഷ്ട്രീയ മേലാളന്മാർ അവരുടെ നിലനിൽപ്പിനു വേണ്ടി നമ്മളെ ഭിന്നിപ്പിച്ച് നമ്മുടെ നെഞ്ചത്ത് കളമൊരുക്കുമ്പോൾ നമ്മുടെ കാൽകീഴിലെ മണ്ണിന്റെ ഒഴുക്കിന്റെ വേഗത

വർദ്ധിക്കുന്നത് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. വസന്തം വരുമെന്ന പ്രതീക്ഷ തന്ന് കർഷകരുടേയും കൂലിതൊഴിലാളികളുടെയും രക്തം ഊറ്റി കുടിച്ചുകൊണ്ട് സ്വയം മൂലധനശക്തികളാവുന്ന ന്യൂനപക്ഷ വരേണ്യവർഗ്ഗത്തെ തിരിച്ചറിഞ്ഞ് നമ്മളെ ഭരിക്കുന്ന നഷ്ടമൂല്യ സിദ്ധാന്തത്തെ തകർത്തെറിഞ്ഞാൽ മാത്രമേ നാളെ നമുക്കും നാം ജന്മം നൽകിയ നമ്മുടെ മക്കൾക്കും മാന്യമായി ജീവിക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാവുകയുള്ളൂ. അല്ലാതെ റയിൽ പാളമില്ലാത്ത തീവണ്ടി സ്റ്റേഷനിൽ തീവണ്ടി കാത്തിരിക്കുന്ന യാത്രക്കാരനെ പോലെ ഇനിയും നാം എത്രകാലം കാത്തിരിക്കും ? അതുകൊണ്ട് പ്രിയ സുഹൃത്തെ ഞാറ്റുവേലകൾ നമ്മൾക്കുവേണ്ടി കാത്തിരിക്കില്ല. മഴമേഘങ്ങൾ നമ്മൾക്കുവേണ്ടി പെയ്യുകില്ല. അനുകൂല കാലാവസ്ഥയിൽ വിത്തിറക്കാനും പ്രതികൂല കാലാവസ്ഥയോട് പ്രതികരിക്കാനും കഴിയുന്നില്ലായെങ്കിൽ ആസന്നമായ ദുരന്തത്തിൽ നിന്നും തന്നെ സംരക്ഷിക്കാൻ താൻ ജന്മം നൽകിയ മക്കൾ പോലുമുണ്ടാവില്ലായെന്ന് നീ തിരിച്ചറിയേണ്ടിയിരിക്കുന്നു.

മാർക്സിയൻ തത്ത്വശാസ്ത്രമനുസരിച്ച് ഉള്ളവനും ഇല്ലാത്തവനും തമ്മിൽ നിരന്തരം നടക്കുന്ന സമരമാണെന്ന (വർഗ്ഗസമരം) സിദ്ധാന്തമാണ് ഇടതുപക്ഷ ചിന്താഗതിയുടെ അടിത്തറ. എംഗൽസിന്റെ ഭാഷയിലും അതാത് കാലഘട്ടത്തിൽ ഉരുത്തിരിയുന്ന സാമ്പത്തിക സാമൂഹിക വ്യവസ്ഥിതിയിൽ നിന്നാണല്ലോ അതാത് കാലഘട്ടത്തിന്റെ രാഷ്ട്രീയം ഉരുത്തിരിയേണ്ടത്. അതുകൊണ്ട് സമ്പത്ത് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നവനും സമ്പത്ത് ഇല്ലാതായിക്കൊണ്ടിരിക്കുന്നവനും തമ്മിലുള്ള സംഘർഷത്തിൽ നിന്നാണ് ഇക്കാലഘട്ടത്തിന്റെ രാഷ്ട്രീയം രൂപപ്പെടേണ്ടത്. ഈ നൂറ്റാണ്ടിലെ വർഗ്ഗപരമായ സമരം അധികാരവും സമ്പത്തും സൃഷ്ടിക്കുന്ന ഉന്മാദത്തിന് അടിമപ്പെട്ട് രാജ്യത്തിന്റെ വരുമാനവും സാമൂഹികോത്പാദനോപാധികളും ചൂഷണം ചെയ്ത്കൊണ്ട് അതിവേഗം അതിസമ്പന്നരായി കൊണ്ടിരിക്കുന്ന സർക്കാർ തൊഴിലാളികളും അവരെ സംരക്ഷിക്കുന്നതോടൊപ്പം സ്വയം മൂലധനശക്തികളായി മാറികൊണ്ടിരിക്കുന്ന രാഷ്ട്രീയ നേതൃത്വവും ഒരുഭാ

ഗത്തും, മറ്റൊരുഭാഗത്ത് കൂലിക്കെടുക്കാവുന്ന തൊഴിലാളി വർഗ്ഗമായി രാഷ്ട്രീയ പാർട്ടികൾ ഉപയോഗിക്കുന്നതും അതി ഭീകരമാം വിധം പാർശ്വവൽക്കരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നതുമായ കൂലിതൊഴിലാളികളും കർഷകരും ഉൾപ്പെടുന്ന അടിസ്ഥാന ജനവിഭാഗവും തമ്മിലായിരിക്കും.

ഈ ന്യൂനപക്ഷ വരേണ്യ വർഗ്ഗം സാധാരണക്കാരനെ മറന്നുകൊണ്ട് കോർപ്പറേറ്റ് ശക്തികൾക്കുവേണ്ടി സ്വരങ്ങൾ മാറ്റുമ്പോൾ ജനാധിപത്യത്തിലും ഭരണഘടനയിലും വിശ്വസിക്കുന്ന ഒരു ജനത വഴിമാറി പോവാതിരിക്കേണമെങ്കിൽ മൂല്യങ്ങൾക്കും ധാർമ്മികതയ്ക്കും വിലകൽപ്പിക്കപ്പെടുന്ന ഒരു പ്രസ്ഥാനത്തിന്റെ ആവിശ്യകത കാലഘട്ടം ആവിശ്യപ്പെടുന്നു. ആ തിരിച്ചറിവിൽനിന്ന് കഴിഞ്ഞ നാല് വർഷമായി ഞങ്ങൾ നിരന്തരം നടത്തികൊണ്ടിരിക്കുന്ന ചർച്ചകളിലുടെയും സംവാദങ്ങളുലൂടെയും ഉരുത്തിരിഞ്ഞ ആശയത്തിൽ നിന്നുമാണ് കർഷകനും കർഷകതൊഴിലാളിയും ഉൾപ്പെടുന്ന സമൂഹത്തിലെ അടിസ്ഥാനജനവിഭാഗങ്ങൾക്ക് അവരുടെ പ്രശ്നങ്ങളും പ്രയാസങ്ങളും ചർച്ച ചെയ്യാനും അതിന് പരിഹാരമുണ്ടാക്കാനും ഒരു രാഷ്ട്രീയവേദി വേണമെന്ന് ആലോചിച്ചത്. തുടർന്ന് കഴിഞ്ഞ ഒരു വർഷമായി ഞങ്ങൾ നടത്തിവരുന്ന ജനകീയ സർവ്വേയിൽ, അടിസ്ഥാന ജനവിഭാഗത്തിന്റെ കൊച്ചു കൊച്ചു പ്രശ്നങ്ങളിലും ജനകീയ വിഷയങ്ങളിലും വ്യവസ്ഥാപിതമായ രാഷ്ട്രീയപ്രസ്ഥാനങ്ങൾക്ക് താൽപര്യമില്ലായെന്ന് 87 ശതമാനം ജനങ്ങളും പ്രതികരിച്ചു. ഉദ്യോഗസ്ഥ പീഡനവും രാഷ്ട്രീയ നേതാക്കളുടെ ധാർഷ്ട്യവും മടുത്ത സാധാരണക്കാരനിൽ 83 ശതമാനവും കർഷകന് സ്വന്തം പ്രത്യയശാസ്ത്രവും സ്വന്തമായി രാഷ്ട്രീയപ്രസ്ഥാനവും ആവിശ്യമായതിനെകുറിച്ച് പ്രകടിപ്പിച്ച ശക്തമായ വികാരമാണ് ജനപക്ഷത്ത് നിൽക്കുന്ന ഒരു ജനകീയ രാഷ്ട്രീയത്തിന് രൂപം നൽകാൻ ഞങ്ങളെ നിർബന്ധിച്ചത്.

ഒരു കാലഘട്ടത്തിൽ രാജ്യത്തിനുവേണ്ടിയും സമൂഹത്തിനുവേണ്ടിയും ചെയ്ത നന്മകളുടെയും വ്യക്തിപരമായി ലഭിച്ച സഹായത്തിന്റെയും പേരിലാണ് നിങ്ങളിൽ ഭൂരിപക്ഷവും രാഷ്ട്രീയ പാർട്ടികളുടെ ജാഥകളിൽ അണിചേരേ

ണ്ടിവരുന്നതെന്ന നിങ്ങളുടെ നിസ്സഹായമായ അവസ്ഥ ഞങ്ങളുടെ സർവ്വേകളിലൂടെ നിങ്ങൾ വെളിപ്പെടുത്തിയപ്പോൾ പ്രിയ സുഹൃത്തെ താങ്കൾ അദ്ധ്വാനിക്കുന്നത്, കടം വാങ്ങിക്കുന്നത്, പട്ടിണികിടക്കുന്നത് താൻ ജന്മംനൽകിപോയ മക്കളെ സംരക്ഷിക്കാനാണെങ്കിൽ കാലഘട്ടത്തിന്റെ നിയോഗം നിങ്ങൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. നമ്മുടെ ഹൃദയത്തിനകത്ത് പ്രതിഷ്ഠിച്ച, നാം ആരാധിക്കുന്ന ഒട്ടനവധിനേതാക്കന്മാർ, പ്രവർത്തകർ അവർ ധീരചരമം പ്രാപിച്ചത് രാജ്യത്തിന് വേണ്ടിയും സമൂഹത്തിന് വേണ്ടിയും ജനവിരുദ്ധമായ വ്യവസ്ഥിതിക്കെതിരെയുമുള്ള പോരാട്ടത്തിലുമായിരുന്നു. അതുകൊണ്ടുതന്നെ അവരുടെ വേർപാട് സമൂഹത്തിന്റെ വേദനയായിരുന്നു. പക്ഷേ ഇന്നത്തെ രാഷ്ട്രീയ കൊലപാതങ്ങൾ സമൂഹത്തിനോ രാജ്യത്തിനോ വേണ്ടിയല്ല. അതുകൊണ്ട് ഇന്ന് ഒരാൾ കൊലചെയ്യപ്പെട്ടാൽ അതിന്റെ ആത്യന്തികമായ നഷ്ടം മകൻ നഷ്ടപ്പെടുന്ന അമ്മയ്ക്കും അച്ഛൻ നഷ്ടപ്പെടുന്ന മക്കൾക്കും വിധവയാക്കപ്പെടുന്ന ഭാര്യക്കും മാത്രമാണ്. പ്രത്യേകിച്ച് ആധുനിക അണുകുടുംബ വ്യവസ്ഥിതിയിൽ കുടുംബനാഥന്റെ വേർപാടിൽനിന്നുണ്ടാവുന്ന നഷ്ടത്തിന് ഒരു വ്യവസ്ഥിതിക്കും ഒരു പ്രസ്ഥാനത്തിനും ഒരു വ്യക്തിക്കും പകരം നിൽക്കാൻ കഴിയില്ല. ഒരു ജനാധിപത്യഭരണഘടന നിലനിൽക്കുന്ന രാജ്യത്ത് വ്യവസ്ഥിതിക്കെതിരായ പോരാട്ടം ആവിശ്യമില്ല. ഭരണകൂടത്തിന്റെ ജനവിരുദ്ധ നയങ്ങൾക്ക് എതിരായ പോരാട്ടമാണ് ആവിശ്യം. എല്ലാവിഭാഗം പ്രസ്ഥാനങ്ങൾക്കും പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കപ്പെട്ട രാജ്യത്ത് അതിന് ബാലറ്റ് കൊണ്ട് മറുപടി പറയാനുള്ള അവകാശം ഭരണഘടന പൗരന്മാർക്ക് ഉറപ്പ് നൽകുന്നുമുണ്ട്. ഭരണകൂടത്തോട് നമ്മുടെ പ്രതിഷേധം അറിയിക്കാനായി രാഷ്ട്രപിതാവ് കാണിച്ചുതന്ന ഒട്ടനവധി സമരമാർഗ്ഗങ്ങളും അതിലുപരി ശക്തമായ നീതിന്യായസംവിധാനവും നമുക്കുണ്ട്. അതുകൊണ്ടുതന്നെയാണ് അക്രമരാഷ്ട്രീയത്തെയും കൊലപാതക രാഷ്ട്രീയത്തെയും അധുനിക സമൂഹം വെറുക്കപ്പെടുന്നത്. നമ്മളെ സംരക്ഷിക്കാൻ രൂപം കൊണ്ട പ്രസ്ഥാനങ്ങൾ സ്വയം മൂലധനശക്തികളായ കാലഘട്ടത്തിൽ സാധാരണക്കാരനെ ഷണ്ഠീ

കരിച്ച് രാഷ്ട്രീയതടവറയിലെ അടിമകളാക്കി ഇവർ നമുക്ക് മുകളിൽ സിംഹാസനം പണിയുമ്പോൾ ഒരു കാലഘട്ടത്തിന്റെ വഴിവിളക്കായി ഒരു കൈത്തിരി വെട്ടവുമായി നമ്മുടെ മുമ്പെ നടന്ന നമ്മുടെ മാർഗ്ഗദർശികളായിരുന്ന ഗാന്ധിജിയും, സ്വാമി വിവേകാനന്ദനും, എ,കെജി.യും,കൃഷ്ണപിള്ളയും, അക്കാമ്മചെറിയാനും,മുഹമ്മദ്അബ്ദുൾറഹ്മാൻസാഹിബും കാണിച്ചു തന്ന വഴികൾ നമ്മുടെ നേതാക്കൾ മറന്നു. പക്ഷേ അവർ കാണിച്ചുതന്ന വഴികൾ അവർ സമുഹത്തിന് കൈമാറിയ സന്ദേശങ്ങൾ, അവരുടെ ചിന്തകൾ, അവ ഉൾക്കൊണ്ടുകൊണ്ട് സമാധാനവും സുരക്ഷിതവുമായ നല്ലൊരു നാളയിൽ വരും തലമുറകളെ സംരക്ഷിക്കാൻ നമ്മൾ ജനിച്ച മണ്ണും നമ്മുടെ നാടും സംരക്ഷിക്കാൻ പ്രിയ സുഹൃത്തെ പാവപ്പെട്ടവരായ നമുക്ക് ഒന്നിച്ച് കൈകോർക്കാം.

ജീവിക്കാനാവിശ്യമായ സുരക്ഷിതമായ ഒരു തൊഴിൽ താങ്കൾ പ്രതീക്ഷിക്കുന്നുണ്ടോ ? എങ്കിൽ തൊഴിലിന്റെ കുത്തക വൽക്കരണവും സ്വജനവൽക്കരണവും അവസാനിപ്പിക്കേണ്ട തുണ്ട്. ഇത് അവസാനിപ്പിച്ച് കൊണ്ട് നിലവിലുള്ള ഈ തൊഴിൽ മേഖല യുവജനങ്ങൾക്ക് തുറന്ന് നൽകാൻ രാഷ്ട്രീയ പാർട്ടികൾ തയ്യാറാവില്ല. കാരണം തൊഴിലില്ലാപട നില നിന്നാൽ മാത്രമേ നാളെ വസന്തം വരുമെന്ന പ്രതീക്ഷ നൽകി പാർട്ടിക ളുടെ ജാഥയ്ക്ക് നീളം കൂട്ടാൻ കഴിയൂ. താങ്കൾ പ്രതീക്ഷിക്കുന്ന തൊഴിൽ താങ്കളുടെ കയ്യെത്തും ദൂരത്തുണ്ട്. പ്രതികരിക്കാനും പ്രവർത്തിക്കാനും താങ്കൾ തയ്യാറാണെങ്കിൽ പ്രിയ സുഹൃത്തെ വരൂ നമുക്ക് ഒന്നിച്ച് കൈകോർക്കാം. ഇല്ലായെങ്കിൽ തൊഴിൽ ഒരു സ്വപ്നം മാത്രമായിരിക്കും.

ഭൂമിക്ക് മുകളിൽ ജനിച്ച് വീഴുന്ന ഏതൊരു പൗരനും ജിവിക്കാനാവിശ്യമായ കൃഷി ഭൂമിക്ക് ജന്മാവകാശമുണ്ട്. ഏക്കർ കണക്കിന് ഭൂമി കൈവശമുള്ള രക്ഷിതാക്കളുടെ മക്ക ളായി ജനിച്ചതുകൊണ്ട് ജീവിക്കാനാവിശ്യമുള്ളതിലും കൂടു തൽ ഭൂമി കൈവശം വെക്കാൻ ആർക്കും അവകാശമില്ല. സ്വ ന്തമായി ഭൂമി ഇല്ലാത്ത രക്ഷിതാക്കളുടെ മക്കളായി ജനിച്ചു പോയി എന്നത് കൊണ്ട് ജീവിക്കാനുള്ള ഭൂമി നിഷേധിക്കാനും കഴിയില്ല. അതുകൊണ്ട് പ്രിയ സുഹൃത്തെ, ജീവിക്കാനുള്ള ഭൂമിക്ക് വേണ്ടി നമുക്ക് ഒന്നിച്ച് കൈകൊർക്കാം.

താങ്കൾ ജനിച്ചു വളർന്ന നാടും കൃഷി ചെയ്യുന്ന ഭൂമിയും കൈമോശം വരാതിരിക്കേണമെങ്കിൽ വരും തലമുറകൾക്കു വേണ്ടി പ്രകൃതി കരുതി വെച്ച വായുവും വെള്ളവും മണ്ണും നമ്മുടെ കൺമുമ്പിൽ നിന്ന് അപ്രത്യക്ഷമാവാതിരിക്കേണമെങ്കിൽ പ്രിയ സുഹൃത്തെ പ്രവർത്തിക്കാനും പ്രതികരിക്കാനുമുള്ള സമയം അതിക്രമിച്ചിരിക്കുന്നു. ജനാധിപത്യത്തിന്റെ ശ്രീകോവിൽ എന്ന് അറിയപ്പെടുന്ന നിയമസഭ ക്രിമിനലുകളുടെയും അഴിമതിക്കാരുടെയും കോഴക്കാരുടെയും സ്ത്രീ പീഡനക്കാരുടെയും കൂടാരമായി മാറിയപ്പോൾ, ഡോക്ടർമാരും ഫ്രൊഫസർമാരും അദ്ധ്യാപകരുമായ ജനപ്രതിനിധികൾ എൽ.പി. സ്ക്കൂൾ വിദ്യാർത്ഥികളെക്കാൾ നിലവാരം താഴുകയും തെരുവു ഗുണ്ടകളെക്കാൾ തരം താഴുകയും ചെയ്യുമ്പോൾ സാക്ഷര കേരളമേ തനിക്ക് ലജ്ജയില്ലേ ? സാധാരണക്കാരന്റെ പ്രതിഷേധത്തിനിടയിൽ പൊതുമുതൽ നശിപ്പിക്കപ്പെട്ടാൽ ജാമ്യമില്ലാത്ത കുറ്റം ചുമത്തുമ്പോൾ ചാനൽ കണ്ണിലൂടെ ലോകത്തെ മുഴുവൻ ജനങ്ങളുടെയും മുന്നിൽ 5 ലക്ഷം രുപയുടെ പൊതുമുതൽ നശിപ്പിച്ച ജനപ്രതിനിധികൾക്കെതിരെ കേസെടുക്കേണ്ടായെന്ന് തീരുമാനിപ്പിച്ച അഡ്ജസ്റ്റ്മെന്റ് പ്രതിഷേധങ്ങൾ. രാഷ്ട്രീയ നാടകങ്ങൾക്കൊടുവിൽ ഏകപക്ഷീയമായി ബഡ്ജറ്റ് പാസ്സാക്കപ്പെടുമ്പോൾ വിഡ്ഢികളാക്കപ്പെടുന്ന പാവം ജനങ്ങളെ നോക്കി ജനനേതാക്കന്മാർ ഒന്നിച്ചിരുന്ന് വീണ്ടും ചിരിക്കുന്നു.

ഇന്നത്തെ രാഷ്ട്രീയം ഒരുവിഭാഗം പണക്കാർക്കും, ഉദ്യോഗസ്ഥർക്കും, ചില നേതാക്കൻമാർക്കും അവരെ ആശ്രയിക്കുന്നവർക്കും അവരുടെ വരും തലമുറകൾക്കും വേണ്ടി മാത്രമുള്ളതാണെന്നും, ഞങ്ങൾ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്നും നിങ്ങളുടെ മനസാക്ഷിക്ക് തോന്നുന്നുവെങ്കിൽ മാത്രം **9526810800** നമ്പറിലേക്ക് ഒരു മിസ്സ്ഡ് കോൾ ചെയ്യുക.

കോ-ഓഡിനേറ്റർ

**അതിരുകാക്കും സൈനികരും കതിരുകാക്കും**
**കർഷകരും ജനിച്ച മണ്ണിന് അഭിമാനം**

വയനാടിന്റെ പരിസ്ഥിതിക പ്രശ്നങ്ങൾ

സെമിനാർ:

ബത്തേരി പഞ്ചായത്ത് ഹാളിൽ

ഡിസംബർ 14-ന് രാവിലെ 10 മുതൽ 1 വരെ

.........

ദേശീയ പരിസ്ഥിതി മാസാചരണത്തിന്റെ ഭാഗമായി, സ്പെക്കിന്റെ (സൊസൈറ്റി ഫോർ എൻവയൺമെന്റൽ പ്രൊട്ടക്ഷൻ ഇൻ കേരള, കോഴിക്കോട്) ആഭിമുഖ്യത്തിൽ സുൽത്താൻ ബത്തേരി പഞ്ചായത്ത് ഹാളിൽ വച്ച് 'വയാടിന്റെ പാരിസ്ഥിതിക പ്രശ്നങ്ങ'ളെ കുറിച്ച് ഒരു സെമിനാർ നടത്തുന്നു. ഡോ. കെ. മാധവൻ കുട്ടി, ശ്രീ. സി. ഐ. ഗോപിനാഥ്, ഡോ. ആർ. ഗോപാലകൃഷ്ണൻ, ഡോ. വിജയമാധവൻ എന്നിവർ സെമിനാറിൽ പങ്കെടുക്കും.

സെമിനാറിൽ പങ്കെടുത്ത്, വയനാട്ടിലെ സജീവമായ പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ച് ചർച്ച ചെയ്യാൻ എല്ലാവരെയും സാദരം ക്ഷണിക്കുന്നു.

പ്രസിഡണ്ട്
ഡോ. എം. അച്യുതൻ

പ്രൊഫ. കെ. എം. ഉണ്ണികൃഷ്ണൻ
സെക്രട്ടറി,
സ്പെക്ക്
കോഴിക്കോട്

Printed Matter




അന്വേ: ല.ല. മാത്യൂ

സെ: വെ ണ്ണേറി. P.O.

A DIRECTORY OF NON-GOVERNMENTAL ORGANISATIONS WORKING ON ENVIRONMENTAL PROTECTION

Earlier this year (March 1983) the Environmental Services Group, World Wildlife Fund-India compiled with the assistance of 'environmental NGOs' a mimeographed Directory listing groups involved in some or other aspect of environmental protection. This was distributed primarily to those who responded to the initiative by sending in the completed questionnaire. It was also sent to a variety of other official and non-official agencies and individuals interested in this field of activity.

ESG now intends to bring out a more comprehensive, printed version of the Directory. For this purpose groups involved in environmental work are requested to complete the attached questionnaire and mail it back to the ESG at the address given at the end.

# പരിസ്ഥിതിയും സംസ്കാരവും

ഡേവീസ് വളർക്കാവ്

12 വർഷങ്ങൾക്കു മുൻപ്
എക്സ്പ്രസ്സ് ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ഈ ലേഖനം
ഈ രൂപത്തിൽ പുനഃപ്രസിദ്ധീകരിക്കുന്നു.

സമർപ്പണം :
പരിസ്ഥിതിയുടെ അവധൂതനായിരുന്ന ജോൺസിക്ക്



"പ്രകൃതി ഈശ്വരനാണ്. ഈശ്വര ചൈതന്യമാണ് എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. എല്ലാം വിശുദ്ധമാണ്. ഇവിടെ മനുഷ്യന് പ്രത്യേകാവകാശങ്ങൾ ഇല്ല. ഒരു ആനക്കുള്ള അവകാശം ഒരു ഉറുമ്പിനും ഉണ്ട്. പ്രകൃതിയുടെ നിയമം എല്ലാറ്റിനും നിലനിൽപും സൗഭാഗ്യവും തന്നരുളുന്നു. നിയമലംഘനം സർവ്വനാശത്തിലും എത്തിക്കും.

അങ്ങനെ കഴിഞ്ഞ അര നൂറ്റാണ്ടോളം വരുന്ന എന്റെ ജീവിതത്തിൽ ഞാൻ പഠിച്ചതും പഠിപ്പിച്ചതും ഈ സത്യം മാത്രമായിരുന്നു. ഇതിൽ ഞാൻ മാത്രമല്ല ഉള്ളത് എന്ന് എനിക്കറിയാം.......

നമ്മുടെ ഇക്കോ-സ്പിരിച്ചാലിറ്റി സന്ദേശം മറ്റുള്ളവരുമായി പങ്കുവെയ്ക്കുക. സമയം തീരുന്നു. നല്ലത് വരട്ടെ. "

**ജോൺസി**

പരിസ്ഥിതി എന്നതിന് സമാനമായി ഇക്കോളജി എന്നാണ് പറഞ്ഞുവരുന്നത്. ഇക്കോളജി എന്ന് ഈ ശാസ്ത്രശാഖയ്ക്ക് പേരിട്ടു വിളിച്ചത് ഏണസ്റ്റ് ഹെക്കൽ എന്ന ചിന്തകനാണ്. അദ്ദേഹം ഒരു ജീവശാസ്ത്രജ്ഞൻ കൂടിയായിരുന്നു. പരിസ്ഥിതി എന്നുപറയുമ്പോൾ അത് വനവൽക്കരണമോ - നശീകരണമോ അപൂർവ്വ സസ്യജീവജാലങ്ങളുടെ സംരക്ഷണമോ മാത്രമായി കാണുന്നുവെങ്കിൽ അതത്ര ശരിയല്ല. ഭൂമിയുടെയും അതിന്റെ കെട്ടുറപ്പിന്റേയും സർവ്വചരാചരങ്ങളുടേയും മനുഷ്യരുടേയും നിലനിൽപ്പിന്റേയും അതിജീവനത്തിന്റേയും പ്രശ്നവും ബോധവുമാണ് പരിസ്ഥിതി. പരിസ്ഥിതി ശാസ്ത്രം എന്ന പേരിലൊരു പ്രത്യേക പഠനമേഖല ഭാരതത്തിന് അന്യമാണ്. ആയത് കുറവല്ല. മറിച്ച് മേന്മയാണ്. എല്ലാറ്റിനേയും ഇഴ പിരിച്ച് പരിശോധിക്കുകയും സമഗ്രമായ വീക്ഷണം ഇല്ലാതിരിക്കുകയും ചെയ്യുന്ന ശാസ്ത്രരീതിയാണ് പാശ്ചാത്യമെങ്കിൽ, എല്ലാറ്റിനേയും സമന്വയിപ്പിക്കുന്ന സമഗ്രദർശനം നമ്മുടെ സവിശേഷതയാണ്. നമ്മുടേത് പരിസ്ഥിതി ശാസ്ത്രമല്ല. പ്രകൃതി ദർശനമാണ് എന്നു സാരം.

വ്യവസായവൽക്കരണത്തിന്റെ കെടുതിയിൽ നിന്നാണ് മിക്കവാറും പരിസ്ഥിതി വീക്ഷണം പലേടത്തും ഉയർന്നുവന്നതെങ്കിൽ, തന്നിലേയ്ക്കും വിശ്വ-മഹാരഹസ്യങ്ങളിലേക്കും ആഴ്ന്നിറങ്ങിയതിന്റെ അറിവിൽനിന്നും അനുഭവത്തിൽ നിന്നുമാണ് ഭാരതത്തിലെ പ്രകൃതി ദർശനം ഉരുവപ്പെട്ടുവന്നത്. മണ്ണും മരവും പക്ഷിമൃഗാദികളും മനുഷ്യരും മനസ്സും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഭൂമിയുടെ തന്നെ സംരക്ഷണം നമ്മുടെ പ്രകൃതി ദർശനത്തിന്റെ ജീവധാരയാണ്. കാടിന്റേയോ പുഴയുടേയോ സംരക്ഷണം മാത്രമല്ല അത്. അതിനാലാണ് ഭൂമിയെ സ്ത്രീയായും അമ്മയായും ദേവിയായും ഉള്ള സങ്കൽപ്പങ്ങളും വിശ്വാസങ്ങളും നമ്മുടെ പാരമ്പര്യത്തിൽ തിളങ്ങി നിൽക്കുന്നത്. വൈദിക സാഹിത്യത്തിലും നാട്ടറിവുകളിലും ഇവയുടെ തുടിപ്പ് ശ്രദ്ധേയമാണ്.

ആദികവികൾ ഇങ്ങനെ പാടുന്നു :

ഭൂമി എന്റെ അമ്മയാണ്
ഞാൻ ഭൂമിയുടെ മകൻ
മഴ തരുന്നവൻ എന്റെ അച്ഛൻ
അവൻ നമ്മിൽ അനുഗ്രഹങ്ങൾ വർഷിക്കട്ടെ

(അഥർവ്വവേദം, ഭൂമി സൂക്തം)

അല്ലയോ ഭൂമിദേവീ
ഞാൻ നിന്നിൽനിന്നും കുഴിച്ചെടുക്കുന്നതൊക്കെ
വളരെ വേഗം മുളക്കുകയും
വളരുകയും ചെയ്യട്ടെ.
അല്ലയോ പാപനാശിനീ,
ഞാനവിടുത്തെ കുടലും കരളും
കുത്തിക്കീറാതിരിക്കട്ടെ.

(യജുർവ്വേദം)

മണ്ണുമായി നേരിട്ടിടപെടുന്ന നമ്മുടെ ആദിമ നിവാസികളിലും ഗോത്രവർഗ്ഗക്കാരിലും ഈ ദർശനം സജ്ജീവമാണ്. മദ്ധ്യപ്രദേശിലെ ബെയ്ഗ ആദിവാസികൾക്ക് ഭൂമി പവിത്രയായ അമ്മയാണ്. അവൾ മക്കൾക്ക് ജന്മം നൽകുന്നു. വിളവുകളും ഫലമൂലാദികളും നൽകി അവരെ ഉദാരമായി തീറ്റിപ്പോറ്റുന്നു. സംരക്ഷിക്കുന്നു. ഇതാണവരുടെ ദർശനം. അമ്മയുടെ മാറിലൂടെ കരികൊണ്ടുഴാൻ അവർക്കാവില്ല. പ്രകൃതിക്കിണങ്ങിയ കൃഷി രീതിയാണവരുടേത്. പുനം കൃഷി എന്നാണിത് അറിയപ്പെടുന്നത്. ഈ കൃഷി രീതിയോട് സാമ്യമുള്ളതാണ് ഫുക്കുവോക്കയുടെ കൃഷിരീതി.

ബസ്തറിലെ മാഡിയ ആദിമവാസികൾ ഭൂമിയെ അത്യധികം ആദരിക്കുന്നവരാണ്. ഭൂമി മനുഷ്യർക്ക് വേണ്ടതെല്ലാം നൽകി വളർത്തുന്നു എന്നാണവരുടെ അറിവ്. മാഡിയകളുടെ മാമ്പഴോത്സവം ഏറെ ശ്രദ്ധേയമാണ്.

മാവുകളിൽ ധാരാളം മാമ്പഴം ഉണ്ടാകും. അവ പാകമായാലും ആദിവാസി ഗ്രാമത്തിലെ ഒരാൾപോലും, കൊച്ചുകുട്ടികൾപോലും പൂജ കഴിക്കാതെ മാമ്പഴം തൊടില്ല. പൂജയ്ക്കു ശേഷമേ മാമ്പഴം ഉപയോഗിക്കൂ. അത്രയും നിയന്ത്രണം അവർ പാലിക്കും. പൂജകഴിഞ്ഞാൽ ആർത്തിയോടെ എല്ലാം ശേഖരിക്കുന്ന പതിവും അവർക്കില്ല. ഓരോ ദിവസവും ആവശ്യമായതുമാത്രം പറിച്ചെടുക്കുന്നു. അവശേഷിക്കുന്നവ മറ്റുള്ളവരുടെ ആവശ്യത്തിനായി മാവിൽ തന്നെ നിൽക്കാനനുവദിക്കും. ഭൂമിയേയും വിഭവങ്ങളേയും ആദരവോടെ വീക്ഷിക്കുന്ന ഈ ദർശനം ഏറെ മഹത്തരമാണ്.

ഗിരിവർഗ്ഗക്കരേയും ആദിമനിവാസികളേയുംപോലെ കേരളത്തിലെ ആദിമവാസികളും ദളിതുകളും ഉന്നതമായ പ്രകൃതി ദർശനം ഉള്ളവരാണ്. മഹാനായ അയ്യൻകാളിക്ക് ജന്മം നൽകിയ പുലയ സമുദായം ആണ് കേരളത്തിൽ കൃഷിപ്പണിയിൽ ഏർപ്പെട്ടിരുന്ന ജനസമൂഹം. പുല എന്നാൽ ഭൂമി എന്നാണർത്ഥം. ഭൂമിയെ സംരക്ഷിക്കുന്നവരെയാണ് പുലയർ എന്നുവിളിച്ചുവരുന്നത്. പുലയരുടെ ഇടയിൽ ഭൂമിയെപ്പറ്റിയുള്ള ദർശനം സ്ത്രീത്വവുമായി ബന്ധപ്പെട്ടതും ആദരവോടെയുള്ളതുമാണെന്ന് കാണാവുന്നതാണ്. മകരം 28ന് 'ഇരുപത്തെട്ടും ഉച്ചാലും' എന്ന വിശേഷദിവസമാണ്. മണ്ണുമായി ബന്ധപ്പെട്ട ഒരു പ്രവൃത്തിയിലും പുലയർ അന്ന് ബന്ധപ്പെടുകയില്ല. കാവുകളിൽ ഉത്സവം അന്നാണ്. കൃഷിപ്പണിക്ക് സഹായിയായ മൃഗത്തേയും തോളിലേറ്റി നടത്തുന്ന നൃത്തം ഈ ഉൽസവത്തിന്റെ സവിശേഷതയാണ്. തെങ്ങോലകൾകൊണ്ടുള്ള അലങ്കാരവും ശ്രദ്ധേയമാണ്. മണ്ണും മരവും മനുഷ്യനും മൃഗവും വിശ്വാസവും അനുഷ്ഠാനവും കലയും ആഹ്ലാദവും സമരസപ്പെടുന്ന നാട്ടറിവിന്റെ സരളതയും സമഗ്രതയും ഇവിടെ കാണാവുന്നതാണ്.

അട്ടപ്പാടിയിലെ ആദിവാസികളും അർത്ഥവത്തായ പ്രകൃതി ദർശനം ഉള്ളവരാണെന്ന് കാണാവുന്നതാണ്. ഈയടുത്ത കാലംവരേയും പുനംകൃഷിയാണിവർ ചെയ്തുവന്നിരുന്നത്.

ഇവരുടെ ഒരു പാട്ടുകേൾക്കുക :

മണ്ണേ നമ്പീലേ ലയ്യാ
മരമിറുക്കേ
മരത്തെ നമ്പീ ലേ ലയ്യാ
ഇലയിറുക്കെ
ഇലയെ നമ്പീലേ ലയ്യാ
പൂവിറുക്കേ

പൂവേ നമ്പീ ലേ ലയ്യാ
കായിറുക്കേ
കായേ നമ്പീ ലേ ലയ്യാ
നാമിറുക്കേ
നമ്മേ നമ്പീലേ ലയ്യാ
നാടിറുക്കേ
നമ്മേ നമ്പീലേ ലയ്യാ
മണ്ണിറുക്കെ

ജൂത-ക്രൈസ്തവ-ഇസ്ലാം മതങ്ങളും ശാസ്ത്രവും യുക്തിവാദവും മാനവികതയും മാർക്സിസവും മനുഷ്യനെ പ്രകൃതിയുടെ നായകനാക്കി പ്രതിഷ്ഠിക്കുമ്പോൾ ഭാരതീയ ദർശനം മനുഷ്യനെ ജീവപ്രകൃതിയുടെ ഭാഗമായി കാണാൻ പഠിപ്പിക്കുന്നു. ഈ പ്രകൃതി ദർശനമാണ് ലോകത്തിന് മാതൃക. രമണ മഹർഷിയെ നോക്കുക. ''വീണുകിടക്കുന്ന ഒരു അരിമണി പോലും മഹർഷിയുടെ കണ്ണിൽ വിലമതിക്കാനാവാത്ത ജീവന്റെ പ്രതീകമായിരുന്നു. ഒരു ദിവസം അടുക്കള മുറ്റത്ത് കുറേ അരിമണികൾ വീണുകിടക്കുന്നത് മഹർഷി കണ്ടു. ഉടനെ അവിടെയിരുന്ന് ശ്രദ്ധയോടെ അവ പെറുക്കാൻ തുടങ്ങി. ഇതുകണ്ടിട്ട് ഭക്തന്മാരിലൊരാൾ പറഞ്ഞു നമുക്ക് എത്രയോ ചാക്ക് അരി അടുക്കളയിലിരിക്കുന്നു. ഈ ഏതാനും അരിമണികൾ നുള്ളിപ്പെറുക്കിയെടുക്കാനായി ഇദ്ദേഹം ഇത്ര കഷ്ടപ്പെടുന്നത് എന്തിനാണ്. മഹർഷി അയാളുടെ നേരെ തിരിഞ്ഞ് സ്നേഹത്തോടെ പറഞ്ഞു. നിങ്ങൾ ഈ അരിമണികളെ മാത്രമേ കാണുന്നുള്ളൂ. അതിനുള്ളിലെന്താണെന്നറിയാൻ

ശ്രമിക്കുക. നിലമുഴുതു വിതച്ച കർഷകന്റെ കഠിനാദ്ധ്വാനവും സമുദ്രജലം സൂര്യൻ മേഘമാക്കി ലഭിച്ച വെള്ളത്തുള്ളികളും ആർദ്രമായ ഭൂമിയും, നെൽച്ചെടികളുടെ ജീവനും എല്ലാം ഈ അരിമണികളിൽ ഉണ്ട്. അതുകൊണ്ട് അവയെ വന്ദിക്കാൻ നിങ്ങൾക്ക് കഴിയില്ലെങ്കിലും കാലുകൊണ്ട് ചവുട്ടി നിന്ദിക്കരുത്. നിങ്ങൾക്ക് ആഹാരത്തിന് ഇവ ആവശ്യമില്ലെങ്കിൽ കിളികൾക്ക് ഇവ കൊടുക്കുക''.

സംഘടിതമതത്തിനപ്പുറമുള്ള ആദ്ധ്യാത്മികതയുടെ ഒരു പാരമ്പര്യം കേരളീയ നവോത്ഥാനകാല ചിന്തകൾക്കുണ്ട്. ഈ ആദ്ധ്യാത്മികത പ്രകൃതി ദർശനത്തിന്റെ ഉയർന്ന ഒരു രൂപമാണ്. അതിനാൽ തന്നെ പ്രകൃതിദർശനം അന്യമല്ല. അന്തർലീനമാണ് എന്നു സാരം. മനുഷ്യരും മനുഷ്യരും തമ്മിലുള്ള ബന്ധം ഇണക്കത്തിന്റേതാകണമെങ്കിൽ മനുഷ്യരും പ്രകൃതിയും തമ്മിലുള്ള ബന്ധവും ഇണങ്ങേണ്ടതുണ്ട്. ഈ കാഴ്ചപ്പാടിന്റെ അമൃതവാണികളാണിനി.

നാരായണഗുരു സഹോദരനയ്യപ്പനുമായുള്ള സംഭാഷണമദ്ധ്യേ പറയുന്നത് കാതോർക്കുക :

''മനുഷ്യരുടെ അത്യധികമായ ലോഭത്തെപ്പറ്റി അവരെ പറഞ്ഞു മനസ്സിലാക്കുന്നതു നന്നായിരിക്കും. ഈ വിഷയത്തിൽ മനുഷ്യമൃഗം മറ്റെല്ലാ മൃഗങ്ങളേക്കാൾ മോശമാണെന്ന് തോന്നുന്നില്ലേ? വനാന്തരങ്ങളിൽ ജീവിക്കുന്ന മൃഗങ്ങളെ അവരുടെ സഹജമായ വാസനകൾ തന്നെ അതിരുകടന്ന ശാരീരികാവശ്യങ്ങളിൽ നിന്നും ഒഴിച്ചുനിർത്തുന്നു. ആന തടിച്ചു ശക്തിയുള്ളതായിരിക്കുന്നത് ആസവാരിഷ്ടങ്ങളൊന്നും സേവിച്ചിട്ടല്ല. കുറുനരി പകൽമുഴുവനും ചുരുണ്ടുകൂടി വല്ലകുണ്ടിലും മൗനമായി കിടക്കുന്നു. എല്ലാവരും ഉറക്കമായതിനുശേഷമേ അവൻ പുറത്തുവരുന്നുള്ളൂ. രണ്ടുഞണ്ടും പിടിച്ചുതിന്നു ചന്ദ്രികയിൽ ധവളമായി ഒഴുകുന്ന കാട്ടരുവിയിൽ നിന്നൽപ്പം വെള്ളവും കുടിച്ചു കഴിഞ്ഞാൽ അവൻ സന്തുഷ്ടനായി പാട്ടുപാടി രാത്രി കഴിച്ചുകൊള്ളും അതുകൊണ്ട് കുറുനരിക്കൊരു ദോഷവും വരുന്നില്ല. അവന്റെ കഴുത്ത് തലയണപോലെ വീർത്തിരിക്കുകയും രോമങ്ങൾ എണ്ണയിട്ടതുപോലെ മിനുങ്ങുകയും ചെയ്യുന്നു. ഒടുങ്ങാത്ത ആവശ്യങ്ങൾ മനുഷ്യർക്കല്ലാതെ മറ്റൊരു മൃഗത്തിനുമില്ല. അവൻ ഭൂമുഖത്തെല്ലാം സംഹാരതാണ്ഡവം ചെയ്തുനടക്കുന്നു.

പോകുന്നിടത്തെല്ലാം ശൂന്യതയുടെ കരിനിഴൽ പരത്തുന്നു. മരങ്ങളെല്ലാം വെട്ടിനശിപ്പിക്കുന്നു. പച്ച നിറഞ്ഞ പ്രകൃതിയെ വികൃതമാക്കി ശൂന്യതയിലാഴ്ത്തുന്നു. അതിനുപകരം വൃത്തികെട്ട പുകനിറഞ്ഞ പട്ടണങ്ങൾ മെനഞ്ഞുകൂട്ടുന്നു. കടിഞ്ഞാണില്ലാത്ത അവന്റെ ആർത്തിക്കു ഇതെല്ലാം അനിവാര്യമാണ്. ഭൂമുഖം കൊണ്ടുമാത്രം അവൻ തൃപ്തനാകുന്നില്ല.

ഭൂഗർഭത്തിലേക്ക് തുരന്നുകയറി ഈ ഗോളത്തിന്റെ കെട്ടുറപ്പും തകർത്തുകളയുന്നു. നോക്കുന്നിടത്തെല്ലാം കൽക്കരിയും ഇരുമ്പും തന്നെ, അവനൊരു വ്യവസ്ഥയുമില്ല.

മറ്റുള്ള മൃഗങ്ങളേക്കാൾ ബുദ്ധിമാനെന്നഹങ്കരിക്കുന്ന മനുഷ്യന് അവൻ സ്വയം എന്തു ചെയ്യുന്നുവെന്നറിഞ്ഞു കൂടാ. ഹോ, മനുഷ്യൻ ! അവനെല്ലാം നശിപ്പിക്കും അതുകൊണ്ടേ അവന് തൃപ്തി വരികയുള്ളു.

അവന്റെ ചെയ്തികളുടെ ദാരുണഫലം മനുഷ്യവർഗ്ഗത്തെ മാത്രം ബാധിക്കുന്നതായിരുന്നെങ്കിൽ തരക്കേടില്ലായിരുന്നു. വനത്തിലെ വാനരന്മാർക്കും പക്ഷികൾക്കും മനുഷ്യർ കാരണം സ്വൈരതയില്ലാതായിത്തീർന്നിരിക്കുന്നു. മനുഷ്യർ തനിക്കുവരുത്തിക്കൂട്ടുന്ന വംശനാശത്തിൽ മറ്റുള്ള ജീവികളെക്കൂടി പെടുത്താതെ നിശ്ശേഷം നശിച്ചുവെണ്ണീറായി പോയിരുന്നെങ്കിൽ മറ്റുജീവികൾ അതൊരനുഗ്രഹമായി കരുതുമായിരുന്നു. അവർക്ക് അവരുടെ ജന്മാവകാശമായ ശാന്തി അനുഭവിക്കാമായിരുന്നല്ലോ.''

– ഗുരുവരുൾ

ശ്മശാനങ്ങളിൽ നിറയെ മരങ്ങൾ വെച്ചുപിടിപ്പിക്കണമെന്നും എല്ലാവർക്കും ശുദ്ധവായു ശ്വസിക്കുവാനും വിശ്രമിക്കാനും ഉള്ള സ്ഥലമായിരിക്കണമതെന്നും, അനാസക്തി

യെക്കുറിച്ച് പ്രസംഗങ്ങൾ വരെ ഇവിടങ്ങളിൽ വെച്ച് ആകാമെന്നും നാരായണഗുരു അഭിപ്രായപ്പെട്ടിരുന്നു. മറ്റൊരവസരത്തിൽ ഒരു പൂന്തോട്ടത്തിൽ വിശ്രമിക്കുമ്പോൾ തോട്ടംനനയ്ക്കാൻ മൃഗങ്ങളെപൂട്ടി മുന്നോട്ടും പിന്നോട്ടും വെള്ളം വലിപ്പിക്കുന്നതു കണ്ടപ്പോൾ തനിക്കിവിടെനിന്ന് പോകണമെന്നും ഇവിടത്തെ വായുവിനുപോലും ആ ജീവികളെ ദ്രോഹിക്കുന്നതിലെ പാപമുണ്ടാകുമെന്നും പറഞ്ഞ് എഴുന്നേറ്റുപോയി.

ദീർഘയാത്രകളിൽപോലും മൃഗങ്ങളെ കൊണ്ട് വലിപ്പിക്കുന്ന വണ്ടികളിൽ ഗുരു യാത്ര ചെയ്യാറില്ല. മൃഗങ്ങൾ നമ്മെ ചുമക്കാൻ ഇഷ്ടപ്പെടുന്നില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ മനോഭാവം.

എല്ലാവരുമാത്മസഹോദരരെ-
ന്നല്ലേ പറയേണ്ടതിതോർക്കുകിൽ നാം
കൊല്ലുന്നതുമെങ്ങനെ ജീവികളെ-
ത്തെല്ലും കൃപയറ്റു ഭുജിക്കയതും.

എന്നാണ് ഗുരു നമ്മോട് ചോദിക്കുന്നത്.

-ജീവകാരുണ്യപഞ്ചകം

ബ്രഹ്മാനന്ദ സ്വാമി ശിവയോഗിയും ഈ ദർശനത്തിന്റെ പ്രതീകമാണ്. പ്രകൃതിക്കിണങ്ങിയ ഒരന്തരീക്ഷം ഇന്നനുഭവപ്പെടണമെങ്കിൽ അവശേഷിക്കുന്ന കാടുകളിലേക്കോ ചില ആശ്രമങ്ങളിലേക്കോ ചെല്ലേണ്ടതുണ്ട്. ശിവയോഗിയുടെ ആശ്രമ നടത്തിപ്പിനുള്ള നിർദ്ദേശങ്ങളിൽ ജീവൻ എല്ലാം ഒന്നാണെന്ന തത്വം തെളിഞ്ഞു നിൽക്കുന്നുണ്ട്. 'മനുഷ്യർ മനുഷ്യരുടെ നേരെമാത്രം ദയാദാനാദി ധർമ്മങ്ങളെ കാണിക്കുകയും സഹായിക്കുകയും സൽക്കരിക്കുകയും ചെയ്യുന്ന സ്വാർത്ഥതയെ വിട്ടു സമസ്ത ജീവികളും സുഖവും സ്വാതന്ത്ര്യവും അനുഭവിപ്പാൻ ആഗ്രഹവും അവകാശവും ഉള്ളവയാണെന്നുള്ള ബോധത്താൽ ഹിംസിക്കാതെ വിജാതീയങ്ങളായ ആട്, മാട്, കോഴി മുതലായ അനാഥ പ്രാണികളെ കൂടി പുല്ല്, വെള്ളം മുതലായ ആഹാരസാധനങ്ങളെക്കൊണ്ട് സൽക്കരിച്ച് തൃപ്തിപ്പെടുത്തുന്നതാണ് വിശേഷമായ ധർമ്മമെന്നറിഞ്ഞ് അപ്രകാരം ആചരിച്ച് പരമാർത്ഥപരന്മാരാകുക എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ആഹാരം ഒരാളുടെ സ്വഭാവത്തെ സ്വാധീനിക്കുന്നുവെന്നത് ഓർക്കുക. സാത്വിക ഭക്ഷണരീതി ശീലിക്കുന്ന ഒരു ദർശനമാണ് ശിവയോഗിയിലൂടെ കേരളത്തിൽ പ്രചരിപ്പിക്കപ്പെട്ടത്. പ്രകൃതി ചികിത്സ ഇതിന്റെ തുടർച്ചയായി വന്നിട്ടുണ്ട്. മുൻപ് കേരളത്തിൽ ജന്തുബലി ഇല്ലാത്ത ആരാധനാരീതികൾ കുറവായിരുന്നു. ആയതിൽ നിന്നും സമൂഹത്തെ മാറ്റി അഹിംസപരമമായ ധർമ്മമാണെന്ന ബോധം ഉണർത്താൻ ശിവയോഗികൾ ഏറെ ശ്രമിച്ചിട്ടുണ്ട്. ഒരു പൂപോലും ആരാധനക്കായി ഇറുക്കുന്നതിനോട് ശിവയോഗി യോജിച്ചിരുന്നില്ല.

ചട്ടമ്പി സ്വാമി തിരുവടികളും ഈ ദർശന ധാരയുടെ പ്രോക്താവാണ്. ഹിംസിക്കാതിരിക്കലും മത്സ്യ-മാംസ ഭക്ഷണം ഒഴിവാക്കലും, ഫലമൂലാദികളും പഴങ്ങളും വെള്ളവും വായുവും വരെ ഒഴിവാക്കിക്കൊണ്ടുള്ള യോഗാത്മകമായ അഹിംസാ വീക്ഷണവും ചട്ടമ്പി സ്വാമികളുടെ പ്രത്യേകതയാണ്.

എറുമ്പുകളേയും എലികളേയും പാമ്പുകളേയും താലോലിച്ച് വളർത്തിയിരുന്ന സംഭവങ്ങൾ ആശ്ചര്യകരമാണ്. എറുമ്പുകൾ എങ്ങിനെയാണ് നമ്മെ മനസ്സിലാക്കുന്നതെന്ന ആശ്ചര്യം കുറിയ സംശയത്തിന് ലോകം മുഴുവൻ ഒരൊറ്റ മനസ്സാണ്. അതിനാൽ നാം പറയുന്നത് അവർക്ക് മനസ്സിലാകും എന്നാണ് മൊഴിഞ്ഞത്.

ഇവിടെ ചൂണ്ടിക്കാട്ടിയ പരിസ്ഥിതി ദർശനം ഭാരതത്തിന്റേയും കേരളത്തിന്റേതുമായ സവിശേഷ സാംസ്കാരികധാരയുടെ മഹത്വമാണ്. ഈ ദർശനം നമുക്ക് വെളിച്ചമാകട്ടേ!

●



# പരിസ്ഥിതിയും സംസ്കാരവും

ഡേവിസ് വളർക്കാവ്

22-9-96, എക്സ്പ്രസ്

പരിസ്ഥിതി എന്നതിന് സമാനമായി ഇക്കോളജി എന്നാണ് പറഞ്ഞുവരുന്നത്. ഇക്കോളജി എന്ന് ഈ ശാസ്ത്രശാഖയ്ക്ക് പേരിട്ടുവിളിച്ചത് ഏണസ്റ്റ് ഹേക്കൽ എന്ന ചിന്തകനാണ്. അദ്ദേഹം ഒരു ജീവശാസ്ത്രജ്ഞൻ കൂടിയായിരുന്നു. പരിസ്ഥിതി എന്നുപറയുമ്പോൾ അത് വനവൽക്കരണമോ നശീകരണമോ അപൂർവ്വ സസ്യജീവജാലങ്ങളുടെ സംരക്ഷണമോ മാത്രമായി കാണുന്നുവെങ്കിൽ അത്ര ശരിയല്ല. ഭൂമിയുടെയും അതിന്റെ കെട്ടുറപ്പിന്റേയും സർവ്വചരാചരങ്ങളുടെയും മനുഷ്യരുടെയും നിലനിൽപ്പിന്റേയും അതിജീവനത്തിന്റേയും പ്രശ്നവും ബോധവുമാണ് പരിസ്ഥിതി. പരിസ്ഥിതി ശാസ്ത്രം എന്ന പേരിലൊരു പ്രത്യേക പഠനമേഖല ഭാരതത്തിന് അന്യമാണ്. ആയത് കുറവല്ല. മറിച്ച് മേന്മയാണ്. എല്ലാറ്റിനെയും ഇഴ പിരിച്ച് പരിശോധിക്കുകയും സമഗ്രതയെവീക്ഷണം ഇല്ലാതിരിക്കുകയും ചെയ്യുന്ന ശാസ്ത്രരീതിയാണ് പാശ്ചാത്യമെങ്കിൽ, എല്ലാറ്റിനെയും സമന്വയിപ്പിക്കുന്ന സമഗ്രദർശനം നമ്മുടെ സവിശേഷതയാണ്. നമ്മുടേത് പരിസ്ഥിതി ശാസ്ത്രമല്ല. പ്രകൃതിദർശനമാണ് എന്നുസാരം.

വ്യവസായവൽക്കരണത്തിന്റെ കെടുതിയിൽ നിന്നാണ് തീക്ഷ്ണമാവും പരിസ്ഥിതിവീക്ഷണം പടിഞ്ഞാറ് ഉയർന്നുവന്നതെങ്കിൽ, തന്നിലേക്കും വിശാലപ്രപഞ്ചത്തിലേക്കും അ[illegible]ഭീനിരഞ്ഞിയതിന്റെ അറിവിൽ നിന്നും അനുഭവത്തിൽ നിന്നുമാണ് ഭാരതത്തിലെ പ്രകൃതി ദർശനം ഉരുവപ്പെട്ടുവന്നത്. മണ്ണും മരവും പക്ഷിമൃഗാദികളും മനുഷ്യരും മനസ്സും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതിനാൽ ഭൂമിയുടെ തന്നെ സംരക്ഷണം നമ്മുടെപ്രകൃതി ദർശനത്തിന്റെ ജീവധാരയാണ്. കാടിന്റെയോ പുഴയുടെയോ സംരക്ഷണം മാത്രമല്ല അത്. അതിനാലാണ് ഭൂമിയെ സ്ത്രീയായും അമ്മയായും ദേവിയായും ഉള്ള സങ്കൽപ്പങ്ങളും വിശ്വാസങ്ങളും നമ്മുടെ പാരമ്പര്യത്തിൽ തിളങ്ങി നിൽക്കുന്നത്. വൈദിക സാഹിത്യത്തിലും നാട്ടറിവുകളിലും ഇവയുടെ തുടിപ്പ് ശ്രദ്ധേയമാണ്.

ആദികവികൾ ഇങ്ങനെ പാടുന്നു.

ഭൂമി എന്റെ അമ്മയാണ്
ഞാൻ ഭൂമിയുടെ മകൻ
മഴ തരുന്നവൻ എന്റെ അച്ഛൻ
അവൻ നമ്മിൽ അനുഗ്രഹങ്ങൾ
വർഷിക്കട്ടെ
ഭൂമി സൂക്തം(അഥർവ്വവേദം)

അല്ലയോ ഭൂമിദേവി
ഞാൻ നിന്നിൽ നിന്നും കുഴിച്ചെടുക്കുന്നതൊക്കെ
വളരെ വേഗം മുളക്കുകയും വളരുകയും ചെയ്യട്ടെ.

അല്ലയോ പാപനാശിനീ,
[illegible] ഹൃദയവും മർമ്മവും
കുത്തിക്കീറാതിരിക്കട്ടെ.
(യജുർവേദം)

മണ്ണുമായി നേരിട്ടിടപെടുന്ന നമ്മുടെ ആദിമ നിവാസികളിലും ഗോത്രവർഗ്ഗക്കാരിലും ഈ ദർശനം സജീവമാണ്. മധ്യപ്രദേശിലെ ബൈഗർ ആദിവാസികൾക്ക് ഭൂമി പവിത്രയായ അമ്മയാണ്. അവൾ മക്കൾക്ക് ജന്മം നൽകുന്നു. വിളവുകളും ഫലമൂലാദികളും നൽകി അവരെ ഉദാരമായി തീറ്റിപ്പോറ്റുന്നു. സംരക്ഷിക്കുന്നു. ഇതാണവരുടെ ദർശനം. അമ്മയുടെ മാറിലൂടെ കരികൊണ്ടുഴാൻ അവർക്കാവില്ല. പ്രകൃതിക്കിണങ്ങിയ കൃഷിരീതിയാണവരുടേത്. പുനം കൃഷി എന്നാണിത് അറിയപ്പെടുന്നത്. ഈ കൃഷി രീതിയോട് സാമ്യമുള്ളതാണ് ഫുക്കുവോക്കയുടെ കൃഷിരീതി.

ബസ്തറിലെ മാഡിയ ആദിവാസികൾ ഭൂമിയെ അത്യധികം ആദരിക്കുന്നവരാണ്. ഭൂമി മനുഷ്യർക്ക് വേണ്ടതെല്ലാം നൽകി വളർത്തുന്നു എന്നാണവരുടെ അറിവ്. മാഡിയകളുടെ മാമ്പഴോത്സവം ഏറെ ശ്രദ്ധേയമാണ്.

മാവുകളിൽ ധാരാളം മാമ്പഴം ഉണ്ടാകും. അവ പാകമായാലും ആദിവാസി ഗ്രാമത്തിലെ ഒരാൾപോലും, കൊച്ചുകുട്ടികൾപോലും പൂജ കഴിക്കാതെ മാമ്പഴം തൊടില്ല. പൂജക്കു ശേഷമേ മാമ്പഴം ഉപയോഗിക്കൂ. അത്രയും നിയന്ത്രണം അവർ പാലിക്കും. പൂജ കഴിഞ്ഞാൽ ആർത്തിയോടെ എല്ലാം ശേഖരിക്കുന്ന പതിവും അവർക്കില്ല. ഓരോ ദിവസവും ആവശ്യമായതുമാത്രം പറിച്ചെടുക്കുന്നു. അവശേഷിക്കുന്നവ മററുള്ളവരുടെ ആവശ്യത്തിനായി മാവിൽ തന്നെ നിൽക്കാനനുവദിക്കും. ഭൂമിയെയും വിഭവങ്ങളെയും ആദരവോടെ വീക്ഷിക്കുന്ന ഈ ദർശനം ഏറെ മഹത്തരമാണ്.

ഗിരിവർഗ്ഗക്കാരെയും ആദിമനിവാസികളെയും പോലെ കേരളത്തിലെ ആദിമവാസികളും ദളിതുകളും ഉന്നതമായ പ്രകൃതി ദർശനം ഉള്ളവരാണ്. മഹാനായ അയ്യൻകാളിക്ക് ജന്മം നൽകിയ പുലയ സമുദായം ആണ് കേരളത്തിൽ കൃഷിപ്പണിയിൽ ഏർപ്പെട്ടിരുന്ന ജന സമൂഹം. പുല എന്നാൽ ഭൂമി എന്നാണർത്ഥം. ഭൂമിയെ സംരക്ഷിക്കുന്നവരെയാണ് പുലയർ എന്നുവിളിച്ചുവരുന്നത്. പുലയരുടെ ഇടയിൽ ഭൂമിയെപ്പററിയുള്ള ദർശനം സ്ത്രീത്വവുമായി ബന്ധപ്പെട്ടതും ആദരവോടെയുള്ളതുമാണെന്ന് കാണാവുന്നതാണ്. മകരം 28 ന് 'ഇരുപത്തെട്ടും ഉച്ചാലും' എന്ന വിശേഷ ദിവസമാണ്. അന്ന് ഭൂമി ഊർവ്വരയാകുന്ന ദിവസമാണ്. മണ്ണുമായി ബന്ധപ്പെട്ട ഒരു പ്രവൃത്തിയിലും പുലയർ അന്ന് ബന്ധപ്പെടുകയില്ല. കാവുകളിൽ ഉത്സവം അന്നാണ്. കൃഷിപ്പണിക്ക് സഹായിയായ മൃഗത്തെയും തോളിലേററി നടത്തുന്ന നൃത്തം ഈ ഉത്സവത്തിന്റെ സവിശേഷതയാണ്. തെങ്ങോലകൾ കൊണ്ടുള്ള അലങ്കാരവും ശ്രദ്ധേയമാണ്. മണ്ണും മരവും മനുഷ്യരും മൃഗവും വിശ്വാസവും അനുഷ്ഠാനവും കലയും ആഘോഷവും സമരസപ്പെടുന്ന നാട്ടറിവിന്റെ സൗന്ദര്യവും സമഗ്രതയും ഇവിടെ കാണാവുന്നതാണ്.

അട്ടപ്പാടിയിലെ ആദിവാസികളും

| | | |
|---|---|---|
| 01. | Budhisam & Ecology by martin batchelor & Kerry Brown | Rs.65 |
| 02. | Hinduisam & ecology by Ranchor Prime | Rs.75 |
| 03. | Jainisam & ecology by Christopher key chapple | Rs.395 |
| 04. | They shall not Hurt of Destroy : Animal rights to vegetarianism in the Jewish - Christian traditions by Vasu Murthy | Rs.190 |
| 05. | Walden and civil disobedience by henry david Thoreau | Rs.40 |
| 06. | Ruskin bond's Green book 2007 | Rs.195 |
| 07. | Book of trees by Risto Isomaki & Maneka Gandhi | Rs.190 |
| 08. | Road back to nature by Masnobu Fukuvoka | Rs.300 |
| 09. | Natural way of framing by Masnobu Fukuvoka | Rs.300 |
| 10. | Silent spring by Rachel Carson | Rs.175 |
| 11. | The principals of spritual farming (Zero budget of National Farming) 3 Vols. by Subash Palekar | Rs.450 |
| 12. | Dharampal collected writings 5 vol. set 2007 | Rs.900 |
| 13. | Tening the earth-traditional & sustainable agriculture in India by Winin Pereira | Rs.290 |
| 14. | Consuming Cultures : Globalization and Local Lives Jeremy Seabrook 2007 | Rs.275 |
| 15. | Organic food-why you should care By Anand Ramachandran 2006 pp32 | Rs.30 |
| 16. | Brahmas hair : on mythology of Indian plants by Maneka Gandhi | Rs.95 |
| 17. | മരങ്ങൾ നട്ട മനുഷ്യൻ - ജീൻഗിയാനോ | Rs.15 |
| 18. | ഒറ്റവൈക്കോൽ വിപ്ലവം - മസ നോബു ഫുക്കോവോക്ക | Rs.80 |
| 19. | തണ്ണീർപന്തൽ-പ്രതീകവും പ്രതിഭാസവും | Rs.25 |
| 20. | ഇഷ്മായേൽ - ഡാനിയേൽ ക്വിൻ (വിവ : ജോൺസി ജേക്കബ്) | Rs.100 |
| 21. | നിളയുടെ തീരങ്ങളിലൂടെ - ആലംകോട് ലീലാകൃഷ്ണൻ | Rs.75 |
| 22. | ആരണ്യകം-ബിഭൂതിഭൂഷൻ ബന്ദ്യോപാദ്ധ്യായ- | Rs.150 |


സന്ദർശിക്കുക :

## ALTERMEDIA

*Bookshop, Ecoshop*

Brahmswom Madom Building, M.G.Road
Thrissur-680 001, India. Ph-0487-2422974, 9495026478
e mail- info@altermediaindia.com trc_altmedia@sancharnet.in
www.altermediaindia.com



അനൗപചാരിക ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്നത്. താൽപര്യമുള്ളവർക്ക് സ്വന്തംനിലയിൽ പകർപ്പെടുത്തോ അച്ചടിച്ചോ ഈ ലഘുലേഖ പ്രചരിപ്പിക്കാവുന്നതാണ്. അഭിപ്രായങ്ങളും, വിമർശനങ്ങളും, നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നു.

സ്വകാര്യ വിതരണത്തിനുമാത്രം. സംഭാവന : 5 രൂപ.

ബന്ധങ്ങൾക്ക് : ഗ്രീൻഹൗസ്, തുളിയാംതോട്, പൊന്നൂക്കര പി.ഒ., തൃശൂർ ജില്ല. പിൻ-680 306. ഫോൺ: 98 95 14 89 98.

# മെയ് 1 ഭോപ്പാൽ ഐക്യദാർഢ്യ ദിനം

സുഹൃത്തെ,

മെയ് 1 ലോകതൊഴിലാളി ദിനമാണല്ലോ ഈ വർഷത്തെ ലോകതൊഴിലാളി ദിനം ഭോപ്പാൽ ഐക്യദാർഢ്യദിനമായി ആചരിക്കുവാൻ ശാസ്ത്രസാഹിത്യപരിഷത്ത് തീരുമാനിച്ചിരിക്കയാണ്. ഭോപ്പാലിൽ മരിച്ചുപീഞ്ഞ പതിനായിരങ്ങളോടും, അംഗവൈകല്യം നേരിട്ട ലക്ഷക്കണക്കിന് മനുഷ്യരോടും നാം നീതിപുലർത്തേണ്ടിയിരിക്കുന്നു ഈ സന്ദർഭത്തിൽ ഫാക്ടറികളിൽ ഉപയോഗിക്കുന്ന രാസവസ്തുവിനെക്കുറിച്ചും സുരക്ഷാസംവിധാനത്തെക്കുറിച്ചും തൊഴിലാളികളേയും പൊതുജനങ്ങളേയും അറിയിക്കുകയും, നിലവിലുള്ള ഫാക്ടറിതൊഴിൽ സുരക്ഷാ നിയമങ്ങളിൽ അടിയന്തിരമായി മാററം വരുത്തുകയും വേണമെന്ന് ശാസ്ത്രസാഹിത്യപരിഷത്ത് ആവശ്യപ്പെടുന്നു.

**ഭോപ്പാൽ ഐക്യദാർഢ്യദിനത്തോടനുബന്ധിച്ച് മെയ് 1-ാംതിയ്യതി വൈകുന്നേരം 5 മണിമുതൽ ബത്തേരി സ്വതന്ത്ര മൈതാനിയിൽ നടക്കുന്ന സായാഹ്ന ധർണ്ണ അഡ്വ. സി. സി. മാത്യു ഉൽഘാടനം ചെയ്യുന്നു. വിവിധ തൊഴിൽ സംഘടനാ പ്രതിനിധികൾ പങ്കെടുക്കുന്നു. മനുഷ്യസ്നേഹികളായ എല്ലാവരേയും പരിഷത്തിന്റെ പ്രചരണപരിപാടികളിൽ പങ്കെടുക്കാൻ സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.**

എന്ന്,

കൺവീനർ
**കെ. ഗോവിന്ദൻ**
ശാസ്ത്രസാഹിത്യ പരിഷത്ത്

ചെയർമാൻ
**പ്രൊ. മോഹൻ ബാബു**
സ്വാഗതസംഘം, ഭോപ്പാൽ ഐക്യ ദാർഢ്യ ദിനം

രേഖ—ബത്തേരി